# പ്രതീക്ഷയുടെ പൂമൊട്ടുകൾ

മംഗളവാർത്ത-ദനഹാ ലക്കം 2010-'11



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധിയിൽ വളർന്നുവരുവാൻ
ഞങ്ങളെ സഹായിക്കണമേ

ദൈവിക പുണ്യങ്ങളെല്ലാം വിളങ്ങുന്ന
അമല മനോഹരിയായ നാഥേ,
ദൈവസ്നേഹത്തിനാഴങ്ങൾ തേടുവാൻ
സദ്ഗുണ സമ്പന്നരായ് വളർന്നീടുവാൻ
വിശുദ്ധിതൻ പരിമളമെങ്ങും പരത്തുവാൻ
അമ്മേ, നീ ഞങ്ങളെ പ്രാപ്തരാക്കൂ!

നിൻദിവ്യ സുതനനുയോജ്യരായ് വളർന്നിടാൻ
പ്രായത്തിനൊപ്പം ജ്ഞാനത്തിലുയരുവാൻ
എല്ലാർക്കുമെല്ലാമായ് സ്നേഹം വിതയ്ക്കുവാൻ
അമ്മേ, അനുഗ്രഹമായ് വരേണമേ!



# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 3 മംഗലവാർത്ത-ദനഹാ ലക്കം 2010-'11

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

സ്പിരിച്ച്വൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**റ്റെസി കറുകപ്പറമ്പിൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

**വാർഷിക വരിസംഖ്യ -50/-**

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി.ഒ.,**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: prosanctity@gmail.com**

## ഉള്ളടക്കം

- പുരോഹിതൻ: മറ്റൊരു മിശിഹാ 3
- ആരാധനക്രമവത്സരം 6
- നീയും ഒരു പീലാത്തോസോ? 8
- സ്നേഹ സംസ്കാര വ്യാപനവും മാധ്യമങ്ങളും 10
- കൽക്കൂമ്പാരത്തിലെ രത്നശേഖരം 12
- കുരിശിലാണ് പ്രത്യാശ 15
- അരുതായ്കകളുടെ അമരക്കാർ 17
- നന്മനിറഞ്ഞ മറിയമേ... 20
- വിടരാൻ കൊതിക്കുന്ന പൂമൊട്ടുകൾ 22
- കവിത 25
- ദൂത് 26
- മനുഷ്യനെ ദൈവികീകരിക്കുവാൻ ദൈവം മനുഷ്യനായി 27
- ക്രിസ്മസ് സമ്മാനം 32




"ഭയപ്പെടേണ്ട. ഇതാ, സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്കാ 2,10).

മനുഷ്യന് അപ്രാപ്യനെന്നു കരുതിയ ദൈവം വിണ്ണിന്റെ മഹത്ത്വം വെടിഞ്ഞ് മണ്ണിലേയ്ക്കിറങ്ങി 'എമ്മാനുവേൽ' ആയതിന്റെ ഓർമ്മ കൂടുതൽ ധ്യാനവിഷയമാക്കുന്ന ആരാധനക്രമവത്സരത്തിന്റെ പുത്തൻ താളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പ് ആട്ടിടയന്മാർക്കു ലഭിച്ച സദ്‌വാർത്തയുടെ വെറുമൊരു ഓർമ്മയാചരണം മാത്രമായി ഈ കാലയളവിനെ ഒതുക്കരുത്.

'ദൈവം നമ്മോടുകൂടെ'... കൂടെയായിരിക്കുന്ന ദൈവത്തെക്കുറിച്ച് കൂടുതൽ അവബോധമുള്ളവരായി, ആ സ്നേഹത്തിന് സാക്ഷികളായി ജീവിക്കാൻ നമുക്കു കഴിയട്ടെ... അതിനായി അവിടുന്നു നല്കുന്ന സദ്‌വാർത്തകൾക്കായി കാതോർക്കാം. കൂടെയായിരിക്കുന്ന കർത്താവിന്റെ കരംപിടിച്ച് മുന്നേറിയാൽ ജീവിതാനുഭവങ്ങൾ കയ്പേറിയതായാലും കരളലിയിക്കുന്നതായാലും ഹൃദയത്തിലേറ്റുവാങ്ങാനുള്ള കരുത്ത് അവിടുന്ന് തരും.

നമ്മുടെ സാന്നിദ്ധ്യം മറ്റുള്ളവർക്കും  ഒരു സദ്‌വാർത്തയാകണം-സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, സമാധാനത്തിന്റെ, സാന്ത്വനത്തിന്റെ, സഹായത്തിന്റെ, കാരുണ്യത്തിന്റെ, ആശ്വാസത്തിന്റെ ഒരു സദ്‌വാർത്ത!! കൂടെയായിരിക്കുന്ന, ചാരേ ചേർക്കുന്ന, നല്ല ദൈവത്തിന്റെ സാന്നിദ്ധ്യം അപരന് അനുഭവവേദ്യമാക്കുവാനുള്ള കടമ മിശിഹായെ അനുഗമിക്കുന്നുവെന്ന് അവകാശപ്പെടുന്ന ഓരോ വ്യക്തിക്കുമുണ്ട്.

മംഗലവാർത്ത-ദനഹാക്കാലങ്ങളുടെ ചൈതന്യമനുസരിച്ച് മിശിഹാരഹസ്യങ്ങൾ ധ്യാനവിഷയമാക്കി കൂടുതൽ മിശിഹാനുഭവം സ്വന്തമാക്കുവാൻ പരിശ്രമിക്കാം.

**ഏവർക്കും ക്രിസ്തുമസ്സ്-ദനഹാത്തിരുനാളുകളുടെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ!!**

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്




**പൗരോഹിത്യ ആദ്ധ്യാത്മികത**



# പുരോഹിതൻ: മറ്റൊരു മിശിഹാ

ഫാ. മാത്യു വെള്ളാനിക്കൽ

പുരോഹിതൻ മറ്റൊരു മിശിഹായാണ്. മിശിഹാ ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കുള്ള ഏക മദ്ധ്യസ്ഥനാണ്. പുരോഹിതൻ മിശിഹായെ പ്രതിനിധീകരിച്ചുകൊണ്ട് ദൈവത്തിനും മനുഷ്യർക്കുമിടയ്ക്ക് നില്ക്കുന്നവനാണ്. ദൈവത്തിന്റെ വചനവും കൃപകളും മനുഷ്യരിലേക്ക് എത്തിക്കുന്നവനും മനുഷ്യരുടെ യാചനകളും പ്രാർത്ഥനകളും ദൈവസന്നിധിയിലേക്കുയർത്തുന്നവനുമാണ്. വി. കുർബാനയിലുള്ള പുരോഹിതന്റെ നിലപാട് ഈ രണ്ടു പുരോഹിത മാനങ്ങൾ സൂചിപ്പിക്കുന്നവയാണ്. ജനാഭിമുഖമായുള്ള നിലപാട് ദൈവത്തിന്റെ വചനവും കൃപകളും മനുഷ്യരിലേക്ക് ഒഴുക്കുന്ന തന്റെ പുരോഹിത ദൗത്യം സൂചിപ്പിക്കുന്നു. വചനം പ്രസംഗിക്കുമ്പോഴും ജനങ്ങളെ ആശീർവ്വദിക്കുമ്പോഴും ജനാഭിമുഖമായിട്ടാണല്ലോ പുരോഹിതൻ നില്ക്കുക. എന്നാൽ പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുമ്പോഴും ബലിയർപ്പിക്കുമ്പോഴും അൾത്താരാഭിമുഖമായിട്ടാണ് പുരോഹിതൻ നില്ക്കുന്നത്. ഇത് ജനങ്ങളുടെ ആവശ്യങ്ങളും പ്രാർത്ഥനകളും ദൈവസന്നിധിയിൽ എത്തിക്കുന്നതിനെ സൂചിപ്പിക്കുന്നു. മിശിഹായുടെ പ്രതിനിധി എന്ന നിലയിലുള്ള പുരോഹിതന്റെ ദ്വിവിധ മാനങ്ങൾ ഇങ്ങനെ സൂചിപ്പിക്കപ്പെടുന്നു. നിത്യപുരോഹിതനായ മിശിഹായുടെ പ്രാർത്ഥനയിൽ (യോഹന്നാൻ അദ്ധ്യായം 17) ഈ ദ്വിവിധ മാനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പുരോഹിതൻ എങ്ങനെ തന്റെ ശുശ്രൂഷ നിർവ്വഹിക്കണമെന്ന് വ്യക്തമാക്കുന്നു.

### പുരോഹിതൻ: ദൈവിക ജീവൻ നല്കുന്നവൻ

ഈശോ തന്റെ മഹത്ത്വീകരണത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു പറയുന്നു: "എന്തെന്നാൽ അവിടുന്ന് അവനു നല്കിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിന് എല്ലാവരുടേയും മേൽ അവന് അവിടുന്ന് അധികാരം നല്കിയിരിക്കുന്നു" (വാക്യം 2). ദൈവിക ജീവൻ മനുഷ്യർക്കു നല്കുക എന്നതായിരുന്നു ഈശോയുടെ ഏറ്റം പ്രധാനപ്പെട്ട ദൗത്യം: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10). പുരോഹിതന്റെ അജപാലനാധികാരത്തിന്റെ ലക്ഷ്യവും മറ്റൊന്നല്ല. തനിക്കു നല്കിയിട്ടുള്ളവർക്കെല്ലാം തന്റെ ശുശ്രൂഷയിലൂടെ ദൈവിക ജീവൻ നല്കുക എന്നതാണ് പുരോഹിത ശുശ്രൂഷയുടെ ലക്ഷ്യം.




## പുരോഹിൻ: ദൈവത്തെ വെളിപ്പെടുത്തുന്നവൻ

ഈശോയുടെ പ്രാർത്ഥനയിൽ ഈശോ പറയുന്നു: "ലോകത്തിൽ നിന്ന് അവിടുന്ന് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി" (വാക്യം 6). സെമിറ്റിക്ക് ശൈലിയിൽ നാമം ആളിനെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ട് ദൈവത്തെ വെളിപ്പെടുത്തുക എന്നതായിരുന്നു ഈശോ തന്റെ ജീവിതത്തിൽ പൂർത്തിയാക്കിയ പ്രധാനപ്പെട്ട ദൗത്യം. തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അത്ഭുതങ്ങളിലൂടെയും ഈശോ ദൈവത്തെയും ദൈവസ്നേഹത്തെയും മനുഷ്യർക്കു വെളിപ്പെടുത്തുകയായിരുന്നു. അവസാനം തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും അവിടുന്ന് പൂർത്തിയാക്കിയതും ഈ വെളിപ്പെടുത്തലാണ്. പുരോഹിതനും തന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവത്തെ വെളിപ്പെടുത്തുന്നവനാകണം. അത് സാധിക്കണമെങ്കിൽ ഈശോയുടെ ജീവിതശൈലി പുരോഹിതൻ സ്വന്തമാക്കണം. പുരോഹിതനെ കാണുന്നവൻ ഈശോയെ കാണാൻ ഇടയാകത്തക്ക വിധത്തിൽ ജീവിക്കണം. എല്ലാവരും അത് പ്രതീക്ഷിക്കുന്നുണ്ട്. പുരോഹിതനെ കാണുമ്പോൾ "ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ" എന്നു പറയുന്നത് ഈ വസ്തുതയെ ഓർമ്മിപ്പിക്കുന്നതാണ്.



## പുരോഹിതൻ: വചനം കൊടുക്കുന്നവൻ

ഈശോ വീണ്ടും പറയുന്നു: "എന്തെന്നാൽ അങ്ങ് എനിക്കു നല്കിയ വചനം ഞാൻ അവർക്കു നല്കി" (വാക്യം 8). ഈശോ ദൈവത്തിന്റെ വചനംതന്നെയായിരുന്നു. "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (യോഹ 1:14) എന്ന് യോഹന്നാൻ സുവിശേഷകൻ പറയുന്നത് ഈശോയെപ്പറ്റിയാണ്. ഈശോയുടെ പരസ്യജീവിതത്തിൽ ഈശോ ഒരു 'പ്രബോധകൻ' അഥവാ 'ഗുരു' ആയിട്ടാണ് അറിയപ്പെട്ടിരുന്നത്. വചനം നൽകുന്ന ശുശ്രൂഷയ്ക്കാണ് ഈശോ പരമ പ്രാധാന്യം നൽകിയിരുന്നത്. പുരോഹിതന്റെയും പ്രഥമദൗത്യമായി സഭ ചൂണ്ടിക്കാണിക്കുന്നത് 'വചനശുശ്രൂഷ'യാണ് (PO.4). ആദിമസഭ ശ്ലൈഹികശുശ്രൂഷയായി പരിഗണിച്ചിരുന്നതും വചനശുശ്രൂഷ തന്നെയാണ് (ശ്ലീഹ. നട. 6:4). പുരോഹിതൻ വചനം കൊടുക്കുന്നവനായിരിക്കണം എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ഈശോയിലെന്നപോലെ ഓരോ പുരോഹിതനിലും വചനം മാംസം ധരിക്കണം. വചനാധിഷ്ഠിത ജീവിതം നയിക്കുന്ന പുരോഹിതനു മാത്രമേ ശരിയായ രീതിയിൽ വചനം കൊടുക്കുന്നവനാകാൻ കഴിയൂ.

## പുരോഹിതൻ: മാദ്ധ്യസ്ഥ്യം വഹിക്കുന്നവൻ

മനുഷ്യർക്കു വേണ്ടി ദൈവസന്നിധിയിൽ നില്ക്കുന്നവനെന്ന നിലയിൽ നിത്യ പുരോഹിതനായ ഈശോ മനുഷ്യർക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നവനായിരുന്നു. യോഹന്നാൻ 17-ാം അധ്യായത്തിലെ പുരോഹിത പ്രാർത്ഥനയിൽ 28 വാക്യങ്ങളുള്ളതിൽ ആദ്യത്തെ 8 വാക്യങ്ങളൊഴിച്ചാൽ പിന്നെയുള്ള 18 വാക്യങ്ങളും മധ്യസ്ഥപ്രാർത്ഥനയാണ്. ആദ്യഭാഗം (9 മുതൽ 19 വരെ വാക്യങ്ങൾ) തനിക്ക് പിതാവു നല്കിയ പന്ത്രണ്ടു ശ്ലീഹന്മാർക്കു വേണ്ടിയും, രണ്ടാം ഭാഗം (20 മുതൽ 26 വരെ വാക്യങ്ങൾ) തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്കുവേണ്ടിയുമുള്ള മധ്യസ്ഥപ്രാർത്ഥനക






ളാണ്. പുരോഹിതൻ തനിക്കു ദൈവം നല്കിയ സഹപ്രവർത്തകർക്കും തന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നവർക്കും വേണ്ടി ദൈവത്തിന്റെ മുമ്പിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നവനാകണം എന്ന് ഇത് സൂചിപ്പിക്കുന്നു. വി. കുർബാനയർപ്പണവും യാമപ്രാർത്ഥനകളും വിശ്വസ്തതയോടെ നിർവ്വഹിക്കുന്ന പുരോഹിതൻ യഥാർത്ഥത്തിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്ന പുരോഹിത ശുശ്രൂഷയാണ് നിർവ്വഹിക്കുക. അതോടൊപ്പം തന്റെ വ്യക്തിപരമായ പ്രാർത്ഥനയിലും ഈ മാദ്ധ്യസ്ഥ ശുശ്രൂഷ നിർവ്വഹിക്കുവാൻ പുരോഹിതൻ കടപ്പെട്ടിരിക്കുന്നു.

## പുരോഹിതൻ: പൗരോഹിത്യ സാഹോദര്യം പരിപോഷിപ്പിക്കുന്നവൻ

ആദ്യഭാഗത്ത് ഈശോ തന്റെ ശിഷ്യർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുന്നു: ''പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്ക് നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളേണമേ" (വാ. 11). തന്റെ സഹപ്രവർത്തകരായ ശിഷ്യർ ഐക്യത്തിലായിരിക്കുവാൻ വേണ്ടി ഈശോ ദൈവിക സംരക്ഷണത്തിനായി പ്രാർത്ഥിക്കുകയാണ്. തന്റെ ജീവിതകാലത്ത് അവരെ ഐക്യത്തിൽ കാത്തുസൂക്ഷിക്കുവാൻ അവിടുന്നു ശ്രദ്ധിച്ചു. എന്നാൽ, തന്റെ ശാരീരിക സാന്നിദ്ധ്യം ഇല്ലാതാകുമ്പോൾ അവരുടെ ഐക്യത്തിന് തടസ്സമായിത്തീരാവുന്ന തിന്മയുടെ ശക്തികൾ ബലപ്പെടും. അവയെ ചെറുത്തുനില്ക്കുവാൻ വേണ്ട ശക്തിയും ചൈതന്യവും പ്രദാനം ചെയ്യണമെന്ന് അവിടുന്നു പ്രാർത്ഥിക്കുകയാണ്. പൗരോഹിത്യ സാഹോദര്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. തന്റെ പൗരോഹിത്യത്തിൽ പങ്കു ചേരുന്നവരെല്ലാവരും ഒരു കൂട്ടായ്മയായി ശുശ്രൂഷ നിർവ്വഹിക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു. അതിനായി എല്ലാ പുരോഹിതരും പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും വേണം.

## പുരോഹിതൻ: സഭാ കൂട്ടായ്മയെ കെട്ടിപ്പടുക്കുന്നവൻ

രണ്ടാം ഭാഗത്ത് തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി ഈശോ ഇങ്ങനെ പ്രാർത്ഥിക്കുന്നു: ''അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി..... ഞാൻ പ്രാർത്ഥിക്കുന്നു" (വാ. 21). സഭ ഒരു കൂട്ടായ്മയാണ്. ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിലേക്ക് മാമ്മോദീസായിലൂടെ പ്രവേശിപ്പിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അതുകൊണ്ടാണ് "സഭ ത്രിത്വത്തിന്റെ പ്രതിഛായയാണ്" എന്ന് സഭാപിതാക്കന്മാർ പറയുന്നത്. തന്റെ പുരോഹിതനടുത്ത ത്രിവിധശുശ്രൂഷകളിലൂടെ അതായത് പ്രബോധന ശുശ്രൂഷ, അജപാലനശുശ്രൂഷ, ആരാധനക്രമ ശുശ്രൂഷ എന്നിവയിലൂടെ ഈ സഭാ കൂട്ടായ്മയെ കെട്ടിപ്പടുക്കേണ്ടവനാണ് പുരോഹിതൻ. ദൈവകൃപയാണ് സഭയെ ഒരു കൂട്ടായ്മയായി നിലനിർത്തുന്നത്. അതുകൊണ്ട് പുരോഹിതന്റെ ഭാഗത്തുനിന്ന് തന്റെ ത്രിവിധ ശുശ്രൂഷകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ പ്രാർത്ഥനയും പരിശ്രമവും ഉണ്ടാകേണ്ടതാണ്.







# ആരാധനക്രമവത്സരം: മംഗലവാർത്ത ദനഹാ കാലങ്ങൾ

ഫാ. ജോൺസൺ പാഴൂക്കുന്നേൽ
താമരശ്ശേരി രൂപത

**ക്രൈ**സ്തവ ആധ്യാത്മികതയുടെ അടിസ്ഥാനം ദൈവാനുഭവമാണ്. ദൈവത്തിന്റെ രക്ഷാകര സ്നേഹം അനുഭവിക്കുവാനും പങ്കുവയ്ക്കുവാനും ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. ശ്ലീഹന്മാർ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്ത തമ്പുരാനെയാണ് ജനഹൃദയങ്ങളിലേക്ക് കൈമാറിയത്. എന്തെന്നാൽ അനുഭവിക്കാതെ പങ്കുവയ്ക്കുക അസാധ്യം. ദൈവത്തിന്റെ രക്ഷാകരപദ്ധതി അതിന്റെ പൂർണ്ണതയിൽ ചിറകുവിരിക്കുക മിശിഹാരഹസ്യത്തിലാണ്. ഒരു വ്യക്തി മിശിഹാരഹസ്യത്തിൽ സജീവമായി പങ്കുചേരുന്നത് ആരാധനക്രമത്തിലൂടെയാണ്. ക്രിസ്തീയ ആധ്യാത്മികത പുഷ്പിക്കുന്നതും ഫലദായകമാവുന്നതും വി. കുർബാനയിലൂടെയാണ്. അതുവഴി മിശിഹായെ അടുത്തനുകരിക്കുവാൻ ഓരോ വിശ്വാസിക്കും കഴിയും.

വി. കുർബാനയിൽ രക്ഷാകര സംഭവം മുഴുവനും സംക്ഷിപ്തമായി അവതരിപ്പിക്കുമ്പോഴും രക്ഷാകര സംഭവങ്ങളെ ആഴത്തിൽ ധ്യാനിക്കാനും പ്രാർത്ഥിക്കാനും അനുഭവവേദ്യമാക്കാനും വിവിധകാലഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. സീറോ-മലബാർസഭ മനുഷ്യാവതാരം തുടങ്ങി മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ 9 കാലങ്ങളിലായി മിശിഹാരഹസ്യം ഒരുവർഷം കൊണ്ട് അനുസ്മരിക്കത്തക്ക വിധം ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെ ഒരുവർഷംകൊണ്ട് മുഴുവൻ രക്ഷാകര സംഭവങ്ങളും അനുസ്മരിക്കാൻ ക്രമീകൃതമായിരിക്കുന്ന കാലഘട്ടത്തെയാണ് ആരാധനാവത്സരമെന്ന് പറയുക.

പാശ്ചാത്യസഭ വിശുദ്ധരുടേയും രക്തസാക്ഷികളുടേയും തിരുനാളുകൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് ആരാധനാവത്സരത്തെ ക്രമീകരിച്ചപ്പോൾ പൗരസ്ത്യ സഭകൾ പൊതുവിൽ മിശിഹായുടെ രക്ഷാകര സംഭവങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ടാണ് ക്രമീകരിച്ചിരിക്കുന്നത്. കാലത്തിന്റെ ചൈതന്യമനുസരിച്ചാണ് വിശുദ്ധരുടെ തിരുനാളുകൾ സീറോ-മലബാർ സഭ ആഘോഷിക്കുന്നത്. എന്തെന്നാൽ വത്തിക്കാൻ കൗൺസിൽ പറയുന്നു: "പരമപ്രധാനമായും വിശ്വാസികളുടെ ശ്രദ്ധ തിരിയേണ്ടത് ഈശോയുടെ തിരുനാളുകളിലേക്കാണ്. അവവഴിയാണ് രക്ഷാകരരഹസ്യങ്ങൾ ആണ്ടുവട്ടത്തിൽ ആഘോഷിക്കപ്പെടുക. ആകയാൽ കാലാനുഗതമായ വൃത്തത്തിന് വിശുദ്ധരുടെ തിരുനാളുകളെക്കാൾ മുൻഗണന നല്കണം. അതുവഴി രക്ഷാകര രഹസ്യങ്ങളുടെ ചരിത്രം മുഴുവൻ ഫലപ്രദമായി അനുസ്മരിക്കാൻ നമുക്കു കഴിയും" (ലിറ്റർജി, 108).




### മംഗലവാർത്തക്കാലം-പിറവിക്കാലം

രക്ഷകന്റെ പിറവിത്തിരുനാൾ ആഘോഷിക്കുന്നതിന് സഭാമാതാവ് നമ്മെ ഒരുക്കുന്ന കാലഘട്ടമാണിത്. രക്ഷകനായ ഈശോമിശിഹായുടെ ജനനത്തെ കേന്ദ്രീകരിച്ചുള്ള രക്ഷാകര സംഭവങ്ങളാണ് നാം പ്രത്യേകമായി ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നത്. ഈശോയുടെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള നാലാഴ്ചകളും പിറവി മുതൽ ദനഹ തിരുനാൾ (ജനുവരി 6) വരെയുള്ള ദിവസങ്ങളും ചേർന്നതാണ് ഈ കാലഘട്ടം. നൂറ്റാണ്ടുകളായി രക്ഷകനെ പ്രതീക്ഷിച്ചിരിക്കുന്ന ഒരു ജനതതിയെ വചനം അവതരിപ്പിക്കുമ്പോൾ ഈ ജനതയുടെ പ്രതീക്ഷ ഗബ്രിയേൽ ദൂതൻ മറിയത്തിലൂടെ നല്കുന്നതാണ് കേന്ദ്രബിന്ദു. സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്, ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്, സ്നാപകന്റെ ജനനം, യൗസേപ്പിനു ലഭിക്കുന്ന ദർശനം ഇവയാണ് പ്രധാനപ്പെട്ട ചിന്തകൾ. അതുവഴി ദൈവസ്നേഹവും അതിൽനിന്നും ഉത്ഭൂതമാകുന്ന ശാന്തിയും, സമാധാനവും, സന്തോഷവും അനുഭവവേദ്യമാക്കി പരിശുദ്ധാത്മാവിന്റെ ഇടപെടൽ നമ്മുടെ ജീവിതത്തിലും സ്വായത്തമാക്കാൻ നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കാൻ പ്രാപ്തരാക്കുന്നു.

### ദനഹാക്കാലം

ജനുവരി 6-ാം തീയതിയിലെ ദനഹ തിരുനാളോടെ ആരംഭിക്കുന്ന ഈ കാലഘട്ടം നോമ്പുകാലം തുടങ്ങുന്നതുവരെ നീണ്ടുനില്ക്കുന്നു. ഈശോയുടെ ജ്ഞാനസ്നാനമാണ് മുഖ്യസംഭവം. ഇതുവഴി ഈശോയുടെ മനുഷ്യാവതാരം വഴിയുള്ള ദൈവാവിഷ്ക്കരണമാണ് നമ്മൾ സ്വന്തമാക്കുന്നത്. മാത്രവുമല്ല വചനമായ ഈശോയെ സ്വീകരിച്ച് ദൈവമക്കളാകാനുള്ള ഭാഗ്യം നമുക്കു കൈവരുന്നു. തിന്മയിൽനിന്നും, പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാനുള്ള ദൈവിക ഇടപെടലിന്റെ പരസ്യമായ ആരംഭവും അന്ധകാരത്തെ മാറ്റാനുള്ള പ്രകാശത്തിന്റെ ഉദയവും ദനഹക്കാലം വ്യക്തമാക്കുന്നു.

ജ്ഞാനസ്നാനത്തിലൂടെ മിശിഹായിലും, സഭയിലും ഓരോ വ്യക്തിയും ജീവിതമാരംഭിക്കുന്നു. മിശിഹായോടൊത്ത് ജീവിക്കുകയും സഹിക്കുകയും മഹത്ത്വത്തിലേക്ക് പ്രവേശിക്കയും ചെയ്ത വിശുദ്ധരെ പ്രത്യേകമായി ഈ കാലഘട്ടത്തിലെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. എന്നാൽ എപ്പോഴും മുൻഗണന കർത്താവിന്റെ ദിവസമായ ഞായറാഴ്ചയ്ക്കാണ്. പ്രധാനമായും യോഹന്നാൻ മാംദാനയേയും, പത്രോസ്, പൗലോസ് ശ്ലീഹന്മാർ, സുവിശേഷകന്മാർ, എസ്തപ്പാനോസ്, സഭാ മല്പാൻമാർ, സഭാമധ്യസ്ഥന്റെ തിരുനാൾ ഇവ യഥാക്രമം വെള്ളിയാഴ്ചകളിൽ ആഘോഷിക്കുമ്പോൾ അവസാനത്തെ വെള്ളിയാഴ്ച സകല മരിച്ചവരേയും ഓർമ്മിക്കുന്നു. ദൈവമക്കൾക്കടുത്ത ജീവിതത്തിലേക്ക് കടന്നുവരാൻ സ്നാപകയോഹന്നാന്റെ ആഹ്വാനമനുസരിച്ചുള്ള അനുതാപവും പാപമോചനവും ജീവിത വിശുദ്ധിയും ഈ കാലഘട്ടത്തിൽ പ്രാപിക്കണം.





പ്രതീക്ഷയുടെ പൂമൊട്ടുകൾ



# നീയും ഒരു പീലാത്തോസോ?

**സാബി, കോഴിക്കോട്**

**കോ**ഴിക്കോട് പട്ടണത്തിലെ ഒരിടത്തരം ഹോസ്പിറ്റലിൽ ന്യുമോണിയ ബാധിതനായി കിടക്കേണ്ടിവന്ന അവസരം. ഇഞ്ചക്ഷനും, ട്രിപ്പിന്റെ ട്യൂബുകളും... എന്നുവേണ്ട അടുത്തു മുറിയിൽ നിന്നും കേൾക്കുന്ന രോഗികളുടെ ദിനരോദനങ്ങളും, ബന്ധുക്കളുടെ സൊറ പറച്ചിലും എല്ലാം എന്റെ ഉള്ളിൽ അലോസരങ്ങൾ സൃഷ്ടിച്ചു. ട്യൂബിന്റെ ബന്ധനത്തിൽ നിന്നു വിമോചിതനായപ്പോൾ തെല്ലൊന്ന് നടന്ന് അടുത്ത മുറിയിലെ രോഗിയെ പരിചയപ്പെട്ടു. 27 കാരനായ ജോബി. ഒരപകടത്തിൽ വലതു കാല് മുറിക്കേണ്ടിവന്ന ഹതഭാഗ്യൻ. എന്റെ സഹതാപപൂർണ്ണമായ നോട്ടം കണ്ട് അവൻ പറഞ്ഞു: "എന്റെ ശരീരത്തിന്റെ വേദനയെക്കാൾ എത്രയോ ആഴമുള്ള മുറിവാണ് എന്റെ പ്രിൻസിപ്പൽ എനിക്ക് തന്നത്. മറ്റുള്ളവർ സൂക്ഷിക്കണമെന്ന് താക്കിതു തന്നിട്ടും മേലധികാരിയെ, അദ്ദേഹത്തിന്റെ വാക്കുകളെ ആദരിക്കാൻ മാത്രം ശ്രമിച്ച തന്നിലേക്ക് അദ്ദേഹം വരുത്തിയ കുറ്റം കെട്ടിയേല്പിച്ച് കൈകഴുകിയപ്പോൾ കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ തോന്നി. കണ്ണടച്ച് വിശ്വസിച്ചതിന് കിട്ടിയ തിരിച്ചടി.... അദ്ധ്യാപകരക്ഷാകർതൃ സമ്മേളനത്തിനെത്തിയ പരിഹാസജന്യമായ ചോദ്യങ്ങൾക്കു മുമ്പിൽ നില്ക്കാൻ ശക്തിയില്ലാതെ തന്റെ ജോലി രാജിവച്ച് മടങ്ങും വഴിയാണ് ഈ അപകടം സംഭവിച്ചത്.

മത്തായി ശ്ലീഹാ വരച്ചുകാട്ടുന്ന വി. ഗ്രന്ഥ ഭാഗവുമായി ഈ സംഭവത്തിന് ബന്ധമുണ്ട്. "പീലാത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പൽ വച്ചു കൈകഴുകിക്കൊണ്ടു പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല. അതു നിങ്ങളുടെ കാര്യമാണ്"(മത്താ 27,24). കുറ്റമില്ലാത്തവനെ കുറ്റക്കാരനായി വിധിച്ചതിനു ശേഷം സൗകര്യപൂർവ്വം കൈകഴുകുന്ന പീലാത്തോസ്. സത്യം പറയുക, സത്യത്തിനു

സാക്ഷ്യം വഹിക്കുക, സത്യത്തിനു വേണ്ടി ജീവിതം ബലികഴിക്കുക ഇത് ഇന്ന് അസാധ്യമായിത്തീർന്നിരിക്കുന്നു... യൂദാസ് ഒരിക്കലേ അവിടുത്തെ വഞ്ചിച്ചുള്ളു. പത്രോസ് മൂന്നു തവണ മാത്രമേ തള്ളിപ്പറഞ്ഞിട്ടുള്ളു. എന്നാൽ നാം സൗകര്യം പോലെ ഒറ്റിക്കൊടുക്കുന്നു. നമ്മുടെ ഇഷ്ടങ്ങൾക്കോ, താല്പര്യങ്ങൾക്കോ, കാര്യലാഭത്തിനോവേണ്ടി മാറി മാറി ബന്ധങ്ങൾ സ്ഥാപിക്കുന്നു. ആത്മാർത്ഥതയുടെ അംശം പോലും തീണ്ടാത്ത പങ്കുവയ്ക്കലുകൾ. ഒരിക്കലും പരസ്പരം വിഭജിക്കില്ലെന്ന് നാം കരുതുന്ന സൗഹൃദങ്ങളിൽ പോലും സ്വാർത്ഥതയുടെ വിള്ളലുകൾ. തനിക്കുവേണ്ടി ജീവൻ ത്യജിക്കുമെന്ന് വിവാഹത്തിന്റെ ആദ്യനാളുകളിൽ തന്റെ തോളിൽ കൈയിട്ട് മന്ത്രിച്ച ഭാര്യ സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി ഭർത്താവിനെ വിട്ട് അപരന്മാരെ തേടുമ്പോൾ, തന്റെകൂടെ നിൽക്കുമെന്നു കരുതിയ സുഹൃത്ത് സൗകര്യപൂർവ്വം കാലുവാരുമ്പോൾ, കയ്യോ കാലോ വളരുന്നതു നോക്കി വളർത്തി വലുതാക്കിയ മക്കൾ സുഖസമൃദ്ധിക്കുവേണ്ടി മാതാപിതാക്കളെ കൈവെടിയുമ്പോൾ, മക്കളെയും ഭാര്യയെയും പോറ്റേണ്ട ഉത്തരവാദിത്വം മറന്ന് ഭർത്താവ് മദ്യപാനത്തിന്റെ ലഹരി തേടുമ്പോൾ, വിശ്വസിച്ച് സൂക്ഷിക്കാനേല്പിച്ച യജമാനന്റെ വസ്തുക്കൾ മോഷ്ടിച്ച് ഭൃത്യൻ നാടുവിടുമ്പോൾ..... ഇവിടെയെല്ലാം ഈ കൈകഴുകലുകൾ ആവർത്തിക്കപ്പെടുകയാണ്.

ഇനിയെങ്കിലും അകത്തൊന്നും പുറത്തു മറ്റൊന്നുമായി നടക്കുന്ന കാപട്യത്തിന്റെ കവചം പൊളിച്ചെറിയേണ്ടേ? സൗകര്യങ്ങളോ, സുഖങ്ങളോ, താല്ക്കാലിക നേട്ടങ്ങളോ അല്ല നമ്മുടെ സത്യത്തിന്റെ അളവുകോൽ. ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് അവിടുത്തെ വഴിയിലൂടെ നടക്കുവാനാണ്. അവിടുത്തെ സത്യത്തിൽ ചരിക്കുവാനാണ്, ജീവൻ ഉൾക്കൊണ്ട് പകർന്നു നൽകുവാനാണ്. ഈശോയോടൊത്ത് പങ്കുവച്ചവർക്കോ, ഓരം ചേർന്നു നടന്നവർക്കോ, അപ്പം ഭക്ഷിച്ചവർക്കോ, തരം പോലെ തങ്ങളിൽ നിന്നും അകലുന്ന ഒരു ദൈവപുത്രനെയല്ല കണ്ടെത്താൻ കഴിഞ്ഞത്. കാരണം അവിടുന്നു തന്നെ സത്യമായിരുന്നു. സത്യത്തിന്റെ അവതാരങ്ങളായി മനുഷ്യഹൃദങ്ങളിൽ, സാമൂഹ്യമണ്ഡലങ്ങളിൽ പെയ്തിറങ്ങുവാൻ ഓരോ ശിഷ്യനെയും ഈശോ ആഹ്വാനം ചെയ്യുന്നു.

***ഓരോ ക്രിസ്തു ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് അവിടുത്തെ വഴിയിലൂടെ നടക്കുവാനാണ്. അവിടുത്തെ സത്യത്തിൽ ചരിക്കുവാനാണ്, ജീവൻ ഉൾക്കൊണ്ട് പകർന്നു നൽകുവാനാണ്.***

പീലാത്തോസിനെപ്പോലെ കൈകഴുകിയാൽ തീരുന്നതാണോ നമ്മുടെ ഉത്തരവാദിത്വങ്ങൾ? വെള്ളത്തിൽ വരയ്ക്കുന്ന വര പോലെ മാഞ്ഞുപോകേണ്ടതാണോ നമ്മുടെ ധാർമ്മിക മൂല്യങ്ങൾ? സത്യസന്ധൻ താല്ക്കാലിക പീഡനങ്ങൾക്ക് വിധേയനാകുമെങ്കിലും വചനം പറയുന്നു: 'ധൈര്യമായിരിക്കുവിൻ, വെളിച്ചത്തു വരാതെ മറഞ്ഞിരിക്കുന്നതൊന്നുമില്ല'. കാത്തോലിക്കാ സഭയുടെ മതബോധനം ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "ക്രൈസ്തവൻ തന്റെ രഹസ്യവും പൊതുവുമായ പ്രവർത്തനങ്ങളുടെ സമസ്തരംഗങ്ങളിലും, അവശ്യമെങ്കിൽ സ്വന്തം ജീവൻ ബലികഴിച്ചുകൊണ്ടുപോലും സുവിശേഷസത്യത്തിന് സാക്ഷ്യം നല്കണം".

സത്യത്തിനുവേണ്ടി ബലിയാടാക്കപ്പെടുന്നവരുടെ എണ്ണം കുറയ്ക്കാൻ നമുക്കു തീരുമാനമെടുക്കാം. അനുദിന ജീവിത ശോധനകളിൽ ഒരു ചോദ്യം കൂടി കൂട്ടിച്ചേർക്കാം.

**നീയും ഒരു പീലാത്തോസോ?**



വലിയമുക്കുവനൊപ്പം

# സ്നേഹ സംസ്കാര വ്യാപനവും മാധ്യമങ്ങളും

**“സത്യത്തിൽ സ്നേഹം” (Caritas in Veritate) എന്ന ചാക്രിക ലേഖനം ആസ്പദമാക്കിയുള്ള പഠനത്തിന്റെ തുടർച്ച**

**ഫാ. റ്റോംസ് വി.കളപ്പുരയ്ക്കൽ**
**ചങ്ങനാശ്ശേരി**

**അ**നലോഗ് ടെക്നോളജിയിൽ നിന്നും ഒരുപടി കൂടി കടന്ന് ഡിജിറ്റൽ സാങ്കേതിക വിദ്യയുടേയും ഹൈ-ഡെഫനിഷൻ ടി.വി.യുടേയും ത്രിമാന സംപ്രേക്ഷണത്തിന്റെ ഘട്ടം വരെ സാങ്കേതിക വിദ്യ പുരോഗമിച്ചു. വിവര സാങ്കേതികവിദ്യ കമ്പ്യൂട്ടറുകൾ വിട്ട് മൊബൈൽ ഫോൺ വരെ ചേക്കേറിയ ഈ കാലഘട്ടത്തിൽ മാധ്യമങ്ങളുടെ സ്വാധീനത്തെ മാർപാപ്പ പേർത്തും പേർത്തും സമ്മതിക്കുന്നു. സത്യത്തിൽ സ്നേഹം എന്ന രേഖയിലെ 73-ാം ഖണ്ഡിക മുഴുവൻ ഈ വിഷയം കൈകാര്യം ചെയ്യുന്നു.

മാധ്യമങ്ങളുടെ ദ്വിമാനകർത്തവ്യത്തെക്കുറിച്ച് രേഖ സവിസ്തരം പ്രതിപാദിക്കുന്നു: 1. ഐക്യ ദാർഢ്യത്തോടെയുള്ള ജനങ്ങളുടെ പുരോഗതി. 2. ധാർമ്മിക സാംസ്കാരികമാനം രൂപപ്പെടുത്തുക.

“മാനവകുടുംബം” എന്ന പ്രയോഗം വളരെ ശ്രദ്ധേയമാണ്. മത, വർഗ്ഗ, വർണ്ണ, ജാതി, ദേശ, ഭാഷ ഭിന്നതയ്ക്കതീതമായി എല്ലാ മനുഷ്യരെയും ഒരു കുടുംബമായി കാണുന്ന വിശ്വമാനവികതയുടെ ദർശനത്തിന് ഈ രേഖ മുൻതൂക്കം നൽകുന്നു. മാനവ സമൂഹമാകെ സ്നേഹത്തിൽ പദമൂന്നി പുരോഗതിക്കായി യത്നിക്കണമെന്ന് അനുശാസിക്കുന്നു. മാധ്യമങ്ങളുടെ പിന്നാമ്പുറങ്ങളിൽ നടമാടുന്ന പക്ഷപാതത്തിന്റെയും, വിഭാഗീയതയുടെ സംസ്കാരം സ്ഥാപിച്ചെടുക്കാനുള്ള ശ്രമത്തിന്റെയും, ലാഭക്കൊതിയോടെ വൈകാരിക പരതയ്ക്ക്

മുൻതൂക്കം നൽകി മുന്നേറുന്ന പ്രവണതയുടെയും കാഴ്ച ഞെട്ടലോടുകൂടി മാത്രമേ കാണാനാവൂ.

കാൻഡമാലിൽ നടന്ന ക്രിസ്തീയ നരവേട്ടയുടെ പശ്ചാത്തലത്തിൽ സത്യത്തിന്റെ മുഖം പുറത്തുകൊണ്ടുവരാൻ മാധ്യമങ്ങൾ ശ്രദ്ധിച്ചില്ല എന്നത് ദു:ഖകരമായ സത്യമാണ്. ഇത്തരുണത്തിൽ സി.ബി.സി.ഐ. പോലുള്ള സംവിധാനങ്ങൾക്ക് ടെലിവിഷൻ പോലെയുള്ള മാധ്യമമേഖലയിൽ ഒരു വാർത്താധിഷ്ഠിത ചാനൽ തുടങ്ങാനോ മുന്നേറാനോ ആയിട്ടില്ല എന്നത് ഹൃദയവേദനയോടുകൂടി മാത്രമേ നോക്കി കാണാനാവൂ. ക്രിസ്തീയ വർഗ്ഗീയതയ്ക്കു വേണ്ടിയല്ല, പ്രത്യുത വിഷം തുപ്പുന്ന ചാനലുകളിൽ നിന്നും വേറിട്ട സമുദായ സൗഹാർദ്ദത്തിന്റെ ശുദ്ധവായു ബഹിർസ്ഫുരിക്കുന്ന ഒരു സംവിധാനമായി തീരുന്നതിനുവേണ്ടിയാണ് പരിശ്രമിക്കേണ്ടത്.

ലാഭവും കമ്പോളങ്ങളും നിയന്ത്രിക്കുന്ന മാധ്യമലോകത്തിന്റെ രണ്ടാമത്തെ ദൗത്യം ധാർമ്മികതയിൽ പദമൂന്നിയ സംസ്കാരം രൂപപ്പെടുത്തുന്നതിലാണ്. വസ്ത്രാലങ്കാരത്തിൽ തുടങ്ങി ഇന്നു നാമ മാത്ര വസ്ത്രങ്ങളിലേക്കും ലൈംഗികതയെ ത്രസിപ്പിക്കുന്ന ചേഷ്ടകളിലേക്കും മറ്റും പരിപാടികൾ അധഃപതിച്ചിരിക്കുന്ന ഈ ദിശാസന്ധിയിൽ മാധ്യമങ്ങളെ കരുതലോടെ വേണം കൈകാര്യം ചെയ്യാൻ. ശരിയായ മാധ്യമബോധനം നൽകാൻ ഭാരതസഭയ്ക്കിനിയും സാധിച്ചിട്ടില്ല എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. സലേഷ്യൻ സഭയുടെ ഏതാനും മാധ്യമ വിശകലന കിറ്റുകളൊഴികെ അടുത്തകാലത്ത് കാര്യമായൊന്നും നൽകപ്പെടുന്നില്ല എന്നത് ഭീതിയോടെ വേണം നോക്കി കാണാൻ. ഇന്ന് ഇവയെല്ലാം മൊബൈൽ ഫോണിൽപോലും ലഭ്യമാണുതാനും.

**മാധ്യമത്തിന്റെ ലക്ഷ്യങ്ങൾ**

സ്വാതന്ത്ര്യം വർദ്ധമാനമാക്കുക, വികസനവും ജനാധിപത്യവും അന്തർദേശീയവൽകരിക്കുക എന്നിവയാണ് മാർപാപ്പ മാധ്യമങ്ങളുടെ ലക്ഷ്യമായി ഗണിക്കുക.

മാധ്യമസ്വാതന്ത്ര്യം എവിടെയും ചർച്ചാവിഷയമാണ്. എന്നാൽ ഈ സ്വാതന്ത്ര്യം വ്യക്തി ഹത്യയിലേക്കു നീങ്ങുന്നെങ്കിൽ ചാക്രിക ലേഖനം അതിനെ എതിർക്കുന്നു എന്നു സാരം. അഭയാകേസിന്റെ നാർക്കോ അനാലിസിസ് സി.ഡി. സംപ്രേക്ഷണം ചെയ്ത സംഭവം ഇതിന്റെ ഉത്തമോദാഹരണമാണ്. നാർക്കോ അനാലിസിസ് പരിശോധനപോലും ശാസ്ത്രീയ തെളിവായി ഗണിക്കപ്പെടാത്ത പശ്ചാത്തലത്തിൽ ഇതിനെ നോക്കികാണേണ്ടിയിരിക്കുന്നു.

മാധ്യമങ്ങളുടെ അമിത വിമർശനഭാവവും സെൻസേഷനലിസവും എത്രമാത്രം വികസനോന്മുഖമാണെന്നു ചിന്തിക്കുന്നത് ഇത്തരുണത്തിൽ കരണീയമായിരിക്കും. ജനാധിപത്യത്തെ അന്തർദേശീയവൽക്കരിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് ഇനിയും അനേക കാതം യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

ഇതിനായി ആത്യന്തികമായി മാധ്യമങ്ങൾ ചെയ്യുന്നതെല്ലാം "വ്യക്തികളുടെയും ജനതകളുടെയും അന്തസ് ഉയർത്തിപിടിച്ചുകൊണ്ട്" ആയിരിക്കണം. ജനതകളെ ഒന്നിച്ചുകൊണ്ടുവരുന്നതിനും, സ്നേഹത്തിലും പരസ്പര ധാരണയിലും അടിത്തറയിട്ടു പിതൃബന്ധം സാധ്യമാക്കുന്നതിന് ആഴമായ പ്രതിബദ്ധതയോടെ യത്നിക്കുന്ന ധാരാളം വ്യക്തികളുടെ അജ്ഞാത യത്നങ്ങളിലും നാം നിരചേരണം"(No.72). തെരേസ എന്ന സിനിമയുടെ ആമുഖ സന്ദേശത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ പറഞ്ഞിരിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്: " നിങ്ങൾക്കു മുമ്പിലുള്ള വെല്ലുവിളി സഭയുടെ ശബ്ദം പാർശ്വവൽക്കരിക്കപ്പെടുകയോ നിശബ്ദമാക്കപ്പെടുകയോ ചെയ്യാതിരിക്കാനുള്ള വഴികൾ കണ്ടെത്തുക എന്നതാണ്..... ഈശോ ലോകം മുഴുവനും പ്രഘോഷിക്കപ്പെടണം; അതുകൊണ്ട് സഭ സധൈര്യം ആത്മവിശ്വാസത്തോടെ മാധ്യമങ്ങളുടെ വിശാല ലോകത്തേക്കു കടന്നുവരണം". മാധ്യമലോകത്ത് സഭാമക്കൾ കടന്നുവരേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സഭാ മാധ്യമങ്ങൾ നീങ്ങേണ്ട ദിശയേപ്പറ്റിയും ഈ രേഖ സുതരാം വ്യക്തമാക്കുന്നു.

ബനഡിക്ട് XVI-ാമൻ പാപ്പ വൈദികരോട് സോഷ്യൽ നെറ്റ് വർക്കിംഗ് മേഖലയിൽ പോലും കടന്നുവരാൻ അടുത്തയിടെ ആഹ്വാനം ചെയ്തത് ചേർത്തു വായിക്കാമ്പോൾ സഭയുടെ കാഴ്ചപ്പാട് എത്രയോ വിപ്ലവകരമാണെന്ന് മനസ്സിലാകും.






# കൽക്കൂമ്പാരത്തിലെ രത്നശേഖരം

**പ്രൊഫ. അബ്രഹാം കോക്കാട്ട്**
**എലിക്കുളം**

മിശിഹായിൽ കേന്ദ്രീകൃതമായിരിക്കണം ക്രിസ്തീയ ജീവിതം. മിശിഹായെ മനസ്സിലാക്കാനുള്ള ഒരു മുഖ്യഉപാധി അവിടുത്തെ തിരുവചനങ്ങൾ അടങ്ങിയിരിക്കുന്ന വേദപുസ്തകമാണല്ലോ. അപ്പോൾ നമ്മുടെ രക്ഷകനെ അറിയാനും തന്റെ ഉപദേശങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാനും സാധിക്കുക വേദപുസ്തക പഠനത്തിലൂടെയാണ്. ഇതു ദൈവസ്നേഹത്തിന്റെയും അനന്തമായ ദൈവകൃപയുടെയും വിവരണമാണ്. യോഹന്നാൻ 3:16 ൽ നാം ഇപ്രകാരം വായിക്കുന്നു: "തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രയധികം സ്നേഹിച്ചു".

ഒരു സാധു കർഷകന് കടക്കെണിയിൽ അകപ്പെട്ട് തനിക്കുള്ളവയെല്ലാം വില്ക്കേണ്ടി വന്നു. മറ്റുള്ളവരുടെ കൃഷിയിടങ്ങളിൽ ജോലി ചെയ്തു കുറെ പണം സമ്പാദിച്ച് തരിശായി കിടന്ന ഒരു പുരയിടം വാങ്ങി. വളരെ സന്തോഷിച്ച് കൃഷിയിറക്കാൻ സ്ഥലം തയ്യാറാക്കിയപ്പോൾ അത് വെറും ഉണ്ടക്കല്ലുകൾ നിറഞ്ഞ, കൃഷിയോഗ്യമല്ലാത്ത ഒരു സ്ഥലം ആണ് എന്ന് അദ്ദേഹം മനസ്സിലാക്കി. ആ കർഷകന് വളരെ നിരാശ തോന്നി. കൂട്ടുകാരനെ തന്റെ ദയനീയ സ്ഥിതി അറിയിച്ചു. ആ കല്ലുകൂട്ടത്തിൽ നിന്ന് ഒരെണ്ണം എടുത്ത് കൂട്ടുകാരന് കൊടുത്തു. അദ്ദേഹം അത് പരിശോധിച്ചിട്ട് കർഷകനോട് ചോദിച്ചു: "ഇത് എന്തു തരം കല്ലാണ് എന്ന് നിനക്കറിയാമോ? വിലമതിക്കാൻ കഴിയാത്ത ഒരു വജ്രക്കല്ലിന്റെ പ്രാകൃതിക രൂപമാണിത്". ഇതുപോലെ, വേദപുസ്തകം വിലമതിക്കാൻ സാധിക്കാത്ത ഒരു രത്നശേഖരത്തിന്റെ ഭണ്ഡാഗാരമാണ്. അതിന്റെ ആഴങ്ങളിലേക്ക് കടക്കുമ്പോൾ വർണ്ണനാതീതമായ ആത്മീയ നിക്ഷേപത്തിന്റെ ഉറവിടമാണ് വേദപുസ്തകം എന്ന് കാണാൻ സാധിക്കും.

സ്നേഹമാണ് ബൈബിളിന്റെ ഏക പ്രതിപാദ്യവിഷയം. ആ സ്നേഹത്തിലേക്കാണ് മനുഷ്യരാശിയെ മുഴുവൻ വിളിച്ചിരിക്കുന്നത്. ദൈവസ്നേഹം അനന്തമായ ഒരു സാഗരം ആണ് സ്നേഹസാഗരം.

നമുക്ക് ഏവർക്കും ആഹ്ലാദം പകരുന്നതാണ് കടലും കടൽത്തീരവും. സായം സന്ധ്യകളിൽ കടലിലേക്ക് കണ്ണുകളയച്ച് അവയുടെ മനോഹാരിത നോക്കികാണാൻ നാം ഏറെ ആഗ്രഹിക്കുന്നു. ഉയർന്നുപൊങ്ങുന്ന തിരമാലകളും നിരവധിയായ മത്സ്യങ്ങളും കടൽജീവികളും ഒക്കെ നമ്മുടെ കണ്ണുകൾക്ക് ഹരം പകരുന്നവയാണ്; മനസ്സിന് കുളിർമ നല്കുന്നവയാണ്. അത്യുത്സാഹത്തോടെ കടലിലെ വെള്ളത്തിൽ നീന്തിത്തുടിക്കുന്ന മൽസ്യങ്ങളെ കരയിൽ കൊണ്ടുവന്നാൽ അവയുടെ പ്രസരിപ്പ് നഷ്ടപ്പെടുകയും അവ ചേതനയറ്റ് നിശ്ചലമായിത്തീരുകയും ചെയ്യുന്നു. ഇതുപോലെ, ദൈവസ്നേഹമാകുന്ന കടലിൽ ആയിരിക്കുമ്പോൾ നാം പരിപൂർണ്ണ ആനന്ദവും സന്തോഷവും അനുഭവിക്കുന്നു. എന്നാൽ, ദൈവസ്നേഹത്തെ നിഷേധിച്ച് തന്നിഷ്ടപ്രകാരം ജീവിക്കുമ്പോൾ വെള്ളത്തിന് വെളിയിലായ മത്സ്യങ്ങളുടെ അനുഭവമാണ് നമുക്ക് ഉണ്ടാവുക. ദൈവസ്നേഹം ആവോളം ആസ്വദിക്കാനും ഈ സ്നേഹത്തിൽ ആയിരിക്കാനുമാണ് അവിടുന്ന് നമുക്ക് ജന്മം നല്കിയിരിക്കുന്നത്. കടലിൽനിന്നും മത്സ്യങ്ങളെന്നപോലെ ഈ സ്നേഹസാഗരത്തിൽ നിന്നു പുറത്തു വന്നവരാണ് മറിയംമഗ്ദലേനെയും, സെന്റ് പോളും, സെന്റ് അഗസ്റ്റിനും ഒക്കെ. അവരെല്ലാം ദൈവസ്നേഹത്തിലേക്ക് തിരിച്ചുചെന്ന് വിശുദ്ധിയുടെ കിരീടം അണിയാൻ കഴിഞ്ഞവരാണ്. കടലിന്റെ ഉപരിതലത്തിൽ സഞ്ചരിക്കുന്ന മത്സ്യങ്ങളെ, വട്ടമിട്ട് പറക്കുന്ന പക്ഷികൾ കൊത്തിക്കൊണ്ട് പറക്കുന്നത് നാം കണ്ടിട്ടുണ്ട്. ഉപരിപ്ലവമായ ദൈവസ്നേഹവും ദൈവാശ്രയത്വവും ഉപരിതലത്തിൽ കാണപ്പെടുന്ന മത്സ്യങ്ങളുടെ അനുഭവത്തിലേക്ക് നമ്മെ നയിച്ചേക്കാം. പൂർണ്ണമായി ദൈവാശ്രയത്തിൽ കഴിയുന്ന, ദൈവസ്നേഹം അനുഭവിക്കാൻ സാധിക്കത്തക്കതരത്തിൽ ദൈവവുമായി പരിപൂർണ്ണ ബന്ധത്തിലായിരിക്കുന്ന ക്രിസ്തീയ ജീവിതം കരുപ്പിടിപ്പിക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.






ദൈവസ്നേഹത്തിൽ വസിക്കാനുള്ള മാർഗ്ഗങ്ങളാണ് ദൈവം തന്റെ വചനങ്ങളിലൂടെ നമുക്ക് നല്കിയിരിക്കുന്നത്. അവിടുത്തെ കല്പനകളുടെ ആകെത്തുക സ്നേഹം തന്നെയാണ്. പരസ്പരപൂരകങ്ങളായ ദൈവസ്നേഹവും പരസ്നേഹവുമാണ് പരമപ്രധാനമായ പ്രമാണങ്ങൾ എന്ന് നിയമപണ്ഡിതനോടുള്ള മറുപടിയിൽ ഈശോ വ്യക്തമാക്കുന്നുണ്ട്: "ഗുരോ, നിയമത്തിലെ അതിപ്രധാനമായ കല്പന ഏതാണ്? ഈശോ അയാളോട് അരുളി ച്ചെയ്തു: നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തേത് ഇതിനു തുല്യമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (മത്താ 22, 36-37).

ശാസ്ത്രപുരോഗതിയുടെയും തൽഫലമായുണ്ടായ വാണിജ്യവൽക്കരണത്തിന്റെയും ഫലമായി ആധുനികയുഗത്തിൽ ബൈബിളിൽ വിപക്ഷിക്കുന്ന സ്നേഹത്തിന് ക്ഷതം സംഭവിച്ചിരിക്കുന്നതായി കാണാം. "എനിക്ക് ആരുടെയും ഒന്നും വേണ്ട, ഞാൻ ആർക്കും ഒന്നും കൊടുക്കുകയുമില്ല" എന്ന മനോഭാവം ബാഹ്യമായി നിരുപദ്രവമെന്ന് തോന്നാമെങ്കിലും അത് ശരിയായ ക്രിസ്തീയ കാഴ്ചപ്പാടാണ് എന്ന് കരുതുക വയ്യ.

ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ഉപേക്ഷയാലുള്ള പാപത്തെപ്പറ്റി സുവിശേഷകൻ നമുക്ക് മുന്നറിയിപ്പ് നല്കുന്നു. ഈ ഉപമയിൽ ദൈവം ധനവാനെ നരകശിക്ഷയ്ക്ക് അർഹനാക്കുന്നു. ധനവാന്റെ പടിവാതുക്കൽ ദീർഘകാലം കിടന്ന് ഭിക്ഷ യാചിച്ച ലാസറിനെ ധനവാൻ പരിഗണിക്കുന്നില്ല. ധനവാന്റെ മേശയിൽനിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ ഭക്ഷിച്ച് ലാസർ അവിടെ കഴിയുന്നു. താൻ ഭക്ഷിച്ചതിന് ശേഷമുള്ള ഉച്ചിഷ്ടങ്ങളാണ് ധനവാൻ ഉപേക്ഷിച്ച അപ്പം. ലാസറിനോടൊപ്പം നായ്ക്കളും ആ ഭക്ഷണത്തിനായി ആ മേശയ്ക്കരികിൽ ഉണ്ടായിരുന്നു. ലാസറിനോടൊപ്പം അവയും ആ അപ്പക്കഷണങ്ങൾ കഴിക്കുന്നു. കൂടാതെ ലാസറിന്റെ വ്രണങ്ങളിൽ നായ് നക്കിയിരുന്നു എന്നും നാം മനസ്സിലാക്കുന്നു. ആദ്യമായിട്ടാണ് ഒരു നായ് ലാസറിനെ സമീപിച്ചത് എന്ന് കരുതാനാവില്ല. അങ്ങനെയായിരുന്നെങ്കിൽ നായ് ആക്രമണസ്വഭാവം കാണിക്കുമായിരുന്നു. ഏറെ നാളായി നായ് അയാളോടൊപ്പം ഉണ്ടായിരുന്നതായി കരുതാം. ഇതിൽനിന്നും, ലാസർ തിരസ്കരിക്കപ്പെട്ടവനായി വളരെക്കാലം ധനവാന്റെ പടിവാതുക്കൽ കിടന്നിരുന്നു എന്നു മനസ്സിലാക്കാം. മനുഷ്യരെല്ലാവരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം ധനവാൻ വിസ്മരിക്കുന്നു. അയാൾ നിത്യശിക്ഷയ്ക്ക് അർഹനാകുന്നു.

പാവങ്ങളോട് കരുണ കാണിക്കുന്ന ഒരു ശൈലിയായിരുന്നു ഈശോയുടേത്. ആഗോള അൽമായ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ സ്ഥാപകപിതാവ്, വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാം യാചകരുടെ മുമ്പിൽ മുട്ടുകുത്തി വണങ്ങുക പതിവായിരുന്നു. യാചകരിൽ അദ്ദേഹത്തിന് ഈശോയെ ദർശിക്കാൻ സാധിച്ചു. സഹായം അർഹിക്കുന്നവർക്കെല്ലാം തങ്ങളുടെ കഴിവനുസരിച്ച് സഹായങ്ങൾ നല്കാൻ ക്രീസ്തീയത നമ്മെ നിർബന്ധിക്കുന്നു. അതിരുകവിഞ്ഞ സുഖഭോഗങ്ങളോടുള്ള ആസക്തി മറ്റുള്ളവരുടെ ജീവിക്കാനുള്ള അവകാശത്തിന്റെമേലുള്ള കൈകടത്തലാണ്. സമ്പത്ത് എല്ലാവർക്കും അവകാശപ്പെട്ടതാണ്. എല്ലാ കഴിവുകളും ദൈവത്തിന്റെ ദാനമാണ്. അവ നമ്മുടെ സഹസൃഷ്ടികൾക്കും വേണ്ടിക്കൂടിയാണ് നല്കിയിട്ടുള്ളത്. സമ്പത്ത് കുന്നുകൂട്ടി ജീവിതം ആസ്വദിക്കുന്നതിന്റെ ഭോഷത്തം ബൈബിളിൽ എത്രയോ ഭാഗത്ത് വിവരിക്കുന്നുണ്ട്! ഇങ്ങനെ ജീവിക്കുമ്പോൾ വെള്ളത്തിനു വെളിയിലായ മത്സ്യങ്ങളുടെ അനുഭവമാണ് ഉണ്ടാവുക. എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനാണ് എന്ന മനോഭാവത്തോടെ ജീവിക്കാൻ നമുക്കു സാധിക്കട്ടെ.







# കുരിശിലാണ് പ്രത്യാശ

**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"തന്നിൽ ജീവിക്കുന്ന ഏവർക്കും നിത്യജീവൻ ഉണ്ടാകുന്നതിന് മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3: 14-15).*

ഈശോ തന്റെ വിശുദ്ധ കുരിശാൽ ലോകത്തെ വീണ്ടെടുത്തു. തന്റെ മരണത്താലും ഉത്ഥാനത്താലും സ്വർഗ്ഗവാതിൽ തുറന്നിടുകയും നമുക്കായി അവിടെ ഒരു സ്ഥലം സജ്ജമാക്കുകയും ചെയ്തു.

പീഡാസഹനത്തിന്റെ ഉപകരണവും സഹനത്തിന്റെയും പരാജയത്തിന്റെയും അടയാളവുമായ കുരിശിനെ ക്രൈസ്തവരായ നമ്മൾ എന്തുകൊണ്ടാണ് വിജയത്തിന്റെ, ആഘോഷത്തിന്റെ ചിഹ്നമായി സ്വീകരിച്ചിരിക്കുന്നത് എന്ന് ചോദിച്ചേക്കാം. മേൽ സൂചിപ്പിച്ചതെല്ലാം കുരിശ് പ്രകാശിതമാക്കുന്നുണ്ടെന്നത് ശരിയാണ്. എന്നിരുന്നാലും നമ്മുടെ രക്ഷയ്ക്കായി കുരിശിലുയർത്തപ്പെട്ടവൻ നിമിത്തം ലോകത്തിലെ എല്ലാവക തിന്മകൾക്കും ഉപരിയായി ദൈവസ്നേഹത്തിന്റെ വ്യക്തമായ അടയാളത്തെയാണ് കുരിശ് പ്രതിനിധീകരിക്കുന്നത്.

മരുഭൂമിയിൽ, ക്ഷീണിച്ചുതളർന്ന ഇസ്രായേൽജനത തങ്ങളുടെ പാപത്തിനു ശിക്ഷയായി സർപ്പദംശനമേൽക്കുകയും മോശ ഉയർത്തിയ സർപ്പത്തിന്റെ പ്രതിരൂപത്തിലേക്ക് ഉറ്റുനോക്കിയവർക്ക് അതിൽനിന്നും രക്ഷപെടുവാൻ സാധിക്കുകയും ചെയ്തു. പാപത്തിനും മരണത്തിനും ശാശ്വതമായി അന്ത്യം കുറിക്കുവാനാകുന്ന കുരിശിന്റെ ഭാവിസൂചനയായിരുന്നു അത്. പാപത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്നു രക്ഷപെടുവാൻ മനുഷ്യന് സ്വയം കഴി



യുകയില്ലെന്ന് നമുക്ക് വളരെ വ്യക്തമായി അറിയാം. മരണത്തിൽനിന്നും രക്ഷപ്പെടുവാൻ അവന് തനിയെ കഴിവില്ല. ധാർമ്മികവും ഭൗതികവുമായ അടിമത്തത്തിൽ നിന്നും മനുഷ്യനെ വിമോചിപ്പിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചതിനാൽ അവിടുന്ന് തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചു. അത് ലോകത്തെ രക്ഷിക്കാൻ വേണ്ടിയാണ്. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ ദൈവത്തിന്റെ ഏകജാതനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. അങ്ങനെ വിശ്വാസത്തോടുകൂടി ഈശോയെ ഉറ്റുനോക്കുന്ന ഏവനും ജീവനുണ്ടാകേണ്ടിയിരിക്കുന്നു.

ഒരു മരം നമ്മുടെ ആദിമാതാപിതാക്കന്മാരുടെ വീഴ്ചയ്ക്ക് കാരണമായിത്തീർന്നതുപോലെ കുരിശുമരം വീണ്ടെടുപ്പിന്റെ മാധ്യമവും ആയിത്തീർന്നു. കുരിശ് പീഡനത്തിന്റെയും സഹനത്തിന്റെയും പരാജയത്തിന്റെയും ഉപകരണമാണ്. എന്നാൽ അതേസമയം അത് സമ്പൂർണ്ണരൂപാന്തരത്തിന്റെയും ദുഷ്ടശക്തിയുടെ പരാജയത്തെയുമാണ് ദ്യോതിപ്പിക്കുന്നത്. അധഃപതിച്ച ലോകത്തിൽ കുരിശ് അതിരുകളില്ലാത്ത പ്രത്യാശ നമുക്കു പ്രദാനം ചെയ്യുന്നു. ദൈവഹിതമനുസരിച്ച് ജീവിക്കാനുള്ള പരിശ്രമത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളാണ് ഓരോ വ്യക്തിയുടേയും കുരിശ്. ഈ കുരിശ് സന്തോഷത്തോടെ സ്വീകരിക്കുമ്പോൾ അത് നമുക്ക് രക്ഷയാകും; മഹത്ത്വമാകും. അതുകൊണ്ടാണ് കുരിശ് ലോകത്തിന് ആവശ്യമായിരിക്കുന്നത്. കുരിശ് സ്വകാര്യ ഭക്താനുഷ്ഠാനത്തിന്റെ വെറുമൊരു പ്രതീകം മാത്രമല്ല. അത് സമൂഹത്തിലെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിലെ അംഗത്വം സൂചിപ്പിക്കുന്ന ചിഹ്നവുമല്ല.

പ്രത്യാശ, സ്നേഹം, അടിച്ചമർത്തലിനുമേൽ അക്രമരാഹിത്യത്തിന്റെ വിജയം എന്നിവയെക്കുറിച്ചും താഴ്ന്നവരെ ഉയർത്തി ബലഹീനരെ ശക്തരാക്കി വിദ്വേഷത്തെ സ്നേഹംകൊണ്ട് അതിജീവിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുമാണ് കുരിശ് പ്രതിപാദിക്കുക. (ബെനടിക്റ്റ് XVI-ാമൻ മാർപാപ്പയുടെ ജൂൺ 5-ാം തീയതിയിലെ പ്രസംഗത്തിൽ നിന്നും എടുത്തത്.)

*കാൽവരിമലയിലുയർന്നോരാ*
*സ്ലീവായിൽ നിന്നീ മന്നിൽ*
*ഉയിരുമുയിർപ്പും വഴിയുന്നു*
*ആദരത്തിൻ സുതരഖിലരിലും*

*(ഏലിയാ സ്ലീവാ മൂശെക്കാലം തിങ്കൾ സപ്രാ)*



**മാർതോമാ നസ്രാണികളുടെ സജീവ വിശ്വാസ പ്രകാശനമായ മാർതോമാ സ്ലീവായുടെ തിരുനാൾ ഡിസംബർ 18-ാം തീയതി കൊണ്ടാടുന്നു**

കുടുംബങ്ങൾക്കൊരു തുറന്ന കത്ത്

# അരുതായ്കകളുടെ അമരക്കാർ



ഫാ. സിറിയക് കോട്ടയിൽ
ഫാമിലി അപ്പോസ്റ്റലേറ്റ്

അകലേക്ക് കണ്ണുംനട്ടിരിക്കുന്ന ആ പെൺകുട്ടിയുടെ കണ്ണുകളിൽ കാണാനായത് പ്രതീക്ഷയുടെ നിഴലല്ല; നിരാശയുടെയും ദുഃഖത്തിന്റെയും കരിനിഴലുകളാണ്. ജനിച്ചതും വളർച്ചയുടെ ഏറിയപങ്ക് ചിലവഴിച്ചതും ഓസ്ട്രേലിയായിൽ. പപ്പയും മമ്മിയും നാട്ടുംപുറത്തുനിന്നും ഓസ്ട്രേലിയായിലേക്ക് കുടിയേറിയവർ. അവൾ സിനി. മാതാപിതാക്കൾ ജേക്കബും മേരിയും. സിനിയെ കൂടാതെ അവർക്ക് ഒരു മകൻ കൂടിയുണ്ട്- റോബിൻ. സിനിയുടെ കണ്ണുകളിൽ നിരാശയുടെയും ദുഃഖത്തിന്റെയും കരിനിഴൽ വീഴാൻ കാരണം അവളുടെ ജീവിതത്തിൽ സംഭവിച്ച ഏതെങ്കിലും ക്രമക്കേടുകളല്ല; പിന്നെയോ അവളുടെ മാതാപിതാക്കളായ ജേക്കബിന്റെയും മേരിയുടെയും ജീവിതത്തിൽ സംഭവിച്ച ചില അരുതായ്കകളാണ്. വിവാഹശേഷം മേരിവഴിയാണ് ജേക്കബ് ഓസ്ട്രേലിയായിലേക്ക് ചേക്കേറിയത്. അയാൾ വെറുമൊരു ഡിഗ്രിക്കാരൻ. മേരി നഴ്സായി അന്ന് ഓസ്ട്രേലിയായിൽ ജോലി ചെയ്യുകയാണ്. ജേക്കബിന്റെ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ച് പെൺകൂട്ടരുടെ ആളുകൾക്ക് അന്ന് അതൃപ്തി ഉണ്ടായിരുന്നെങ്കിലും സുമുഖനും സുന്ദരനുമായ ജേക്കബിനെ മേരിക്കിഷ്ടപ്പെട്ടതുകൊണ്ട് കല്ല്യാണമങ്ങുറപ്പിക്കുകയായിരുന്നു. മക്കൾ രണ്ടുണ്ടായെന്നല്ലാതെ ജീവിതത്തിന്റെ ആരംഭം മുതൽ അവർക്കിരുവർക്കും മനഃപൊരുത്തം എന്നത് ഇല്ലായിരുന്നുവെന്ന് അവരുടെ ജീവിതം പഠനവിഷയമാക്കുന്ന ഏതൊരാൾക്കും മനസിലാകും. മക്കളിൽ റോബിനെക്കാൾ മാനസികമായി ഈയൊരു പ്രശ്നം ഏറെയും ഇപ്പോൾ അലട്ടുന്നത് സിനിയെയാണ്. വളരെ നന്നായി പഠിച്ചുകൊണ്ടിരുന്ന അവൾക്ക് പഠനത്തിലും ഇപ്പോൾ തെല്ലും ശ്രദ്ധയില്ലാതായിരിക്കുന്നു.

കാൽപന്തു കളിക്കുന്ന ലാഘവത്തോടെ വിവാഹജീവിതത്തെ സമീപിച്ചാൽ വലിയ അപകടക്കെണിയിലേക്കാവും അത് അത്തരക്കാരെയും അവർ ജന്മം നല്കുന്ന മക്കളേയും നയിക്കുക എന്നത് മേൽ കണ്ട കുടുംബം വ്യക്തമാ




ക്കുന്നു. തോന്നലുകൾക്കപ്പുറം വിവാഹജീവിതത്തെ സംബന്ധിച്ച് ഭാര്യാഭർത്താക്കന്മാർക്കുണ്ടാവേണ്ട ഉൾക്കാഴ്ചകളാണ് അവരിരുവരുടേയും ബന്ധത്തെ ദൃഢപ്പെടുത്തുന്നത്.

ജേക്കബ്-മേരി ദമ്പതികൾ വെറും തോന്നലുകൾക്കനുസരിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടു. ഫലമോ, അവരിരുവരുടെയും അസന്തുഷ്ടിയും മക്കൾക്കുണ്ടായ അസമാധാനവും. നീണ്ടുനിൽക്കേണ്ടതും ഫലം ചൂടേണ്ടതുമായ ഭാര്യാഭർതൃബന്ധം ഉത്തമബോധ്യങ്ങളോടെ ഇരുവരും വളർത്തേണ്ട ഒരു ദൈവികസംവിധാനമാണ്. ആ ദൈവികസംവിധാനത്തിൽ അവരിരുവരും പങ്കുപറ്റുമ്പോൾ ഇരുവരും ശ്രദ്ധിക്കേണ്ടതും അനുസരിക്കേണ്ടതുമായ സ്വരം ദൈവത്തിന്റെ സ്വരമാണ്. അവിടുത്തെ വാക്കുകൾ അവരെ നിസ്വാർത്ഥതയിലേക്കും സ്നേഹത്തിലേക്കും നയിക്കുമെങ്കിൽ ഇരുവർക്കുമുണ്ടാകുന്ന തോന്നലുകൾ അവരെ വിപരീത മനോഭാവങ്ങളിലേക്കും ചെയ്തികളിലേക്കുമേ നയിക്കൂ.

ഭാര്യാഭർത്താക്കന്മാരുടെ ഐക്യത്തിന് അത്യന്താപേക്ഷിതമായ മനഃപൊരുത്തം ഒരു നിമിഷത്തിൽ സംഭവിക്കുന്നത് എന്നതിനേക്കാൾ ഭാര്യാഭർതൃബന്ധത്തിൽ ഉടനീളം വളർച്ച പ്രാപിക്കേണ്ട ഒന്നാണ്. അന്യോന്യമുള്ള കുറവുകളും മികവുകളും നേരിട്ടറിയുന്നതിനനുസരിച്ച് ഈ പൊരുത്തം വളരണം. പൊരുത്തമെന്നത് മനസിന്റെ ഭാവവും അവസ്ഥയുമാകയാൽ മനോഭാവത്തിലും സമീപനത്തിലുമാണ് ഇതിനോട് ബന്ധപ്പെട്ട് ഇരുവരിലും മാറ്റങ്ങൾ സംഭവിക്കേണ്ടത്. ജേക്കബ്-മേരി ദമ്പതികൾ പരസ്പരം അറിയാൻ തുടങ്ങിയപ്പോൾ അവർ അകലാൻ തുടങ്ങി എന്നത് സൂചിപ്പിക്കുന്നത് ഇരുവരുടെയും തനിമ അന്യോന്യം ഉൾക്കൊള്ളാൻ ഇരുവർക്കും കഴിഞ്ഞില്ല എന്നതാണ്.

ഇത്തരത്തിലുള്ള കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഏറെയും ഉണ്ടാകുന്നതും ബാധിക്കുന്നതും കുട്ടികളെയാണ്. അരുതാത്ത പലതും കണ്ടും കേട്ടും വളരുന്ന അവരിൽ ജീവിതത്തോടു തന്നെ വെറുപ്പും വിരക്തിയും തോന്നുക സ്വാഭാവികം.

ഉത്തമരായ ഭാര്യാഭർത്താക്കന്മാർ ഉന്നം വയ്ക്കേണ്ടത് അവർ ജന്മം നല്കുന്ന മക്കളുടെ ആരോഗ്യകരമായ വളർച്ചയാണ്. സമഗ്രവളർച്ചയെന്നത് അവരിൽ യാഥാർത്ഥ്യമാകാൻ അവർ തങ്ങളുടെ ജീവിതംതന്നെ മാതൃകയാക്കി മക്കളുടെ മുമ്പിൽ നിലകൊള്ളണം. ഭാവിയിൽ ഭാര്യാഭർതൃബന്ധത്തെയും കുടുംബജീവിതത്തെയുമൊക്കെ പ്രതീക്ഷയോടും സന്തോഷത്തോടും കൂടെ സ്വീകരിക്കുന്നതിന് മക്കളെ പ്രേരിപ്പിക്കുന്നതും ഈയൊരു മാതൃക തന്നെയാവണം. കുടുംബജീവിതത്തോടെന്നല്ല മനുഷ്യജീവിതത്തോടു തന്നെ വെറുപ്പുതോന്നുന്നതിലേക്ക് മക്കളെ നയിക്കാൻ മാതാപിതാക്കൾ തമ്മിലുള്ള അകൽച്ചയും അവരുടെ ദുർമാതൃകയും കാരണമാകും.

ജേക്കബ്-മേരി ദമ്പതികളുടെ മക്കളായ റോബിനും സിനിയും കുടുംബജീവിതത്തെയും കുടുംബബന്ധങ്ങളെയുമൊക്കെ ഭാവിയിൽ പ്രാധാന്യത്തോടെ കാണാൻ തക്കവിധം അവരുടെ മനോഭാവങ്ങളെ രൂപപ്പെടുത്താനുള്ള ഉത്തരവാദിത്വം മാതാപിതാക്കളായ അവർക്കിരുവർക്കുമായിരുന്നു. കുടുംബജീവിതത്തെ ഇഷ്ടപ്പെടുന്നതിനു പകരം അതിനോടുള്ള വെറുപ്പിലേക്കാണ് അവർ നയിക്കപ്പെട്ടതെങ്കിൽ അക്കാര്യത്തിൽ മുഖ്യപങ്ക് മാതാപിതാക്കളായ ജേക്കബിനും മേരിക്കുംതന്നെയാണ്. കുട്ടികൾ തങ്ങളുടെ ഉത്തരവാദിത്വങ്ങളിൽ നിന്നുപോലും പിൻവലിയുന്നതിലേക്ക് ജേക്കബും മേരിയും കുടുംബത്തിൽ സൃഷ്ടിക്കുന്ന അശാന്തി കാരണമായിത്തീരുന്നു. ഭാര്യാഭർതൃബന്ധം ശ്രേഷ്ഠമായ ഒരു വിളിയാണെന്നും ബോധപൂർവ്വമായ സമർപ്പണമാണെന്നമുള്ള അവബോധം ഇരുവർക്കുമുണ്ടാകുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.



# ഒരു നൂറുരൂപാ നോട്ടിന്റെ വിൽപത്രം

ഞാൻ ഒരു നൂറു രൂപാ നോട്ടാണ്. എന്റെ സംഭവ ബഹുലമായ ജീവിതം ആരംഭിക്കുന്നതിനായി വർഷങ്ങൾക്കുമുമ്പ് ഞാൻ ഒരു റിസർവ് ബാങ്കിലേക്കു കടന്നുചെന്നു. മറ്റു പലരോടുമൊപ്പം സൈറൺ മുഴങ്ങുന്ന വാഹനത്തിൽ ഇരുവശങ്ങളിലും സംരക്ഷകരോടുകൂടി എന്നെയും മറ്റൊരു ബാങ്കിലേക്ക് കൊണ്ടുപോയി. പ്രത്യേക സംരക്ഷണത്തിൽ എന്നെ കുറേക്കാലം സൂക്ഷിച്ചു. പണത്തിന്റെ എന്തെങ്കിലും ആവശ്യം നേരിടുമ്പോൾ എന്നെ മാറ്റിവച്ചിട്ട് ഏറ്റവും പഴയ നോട്ട് എടുത്തു കൊടുക്കുന്നത് ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

എന്റെ ഉടമസ്ഥൻ ഒരു ഉദാരമനസ്കനാണ്. ക്രിസ്മസ്സിനും ഈസ്റ്ററിനും മറ്റും മിഷൻ പ്രവർത്തനങ്ങൾക്കായി നല്ല ഒരു തുക ദാനം ചെയ്യുന്നതിന് അദ്ദേഹം ഒരിക്കലും മടി കാണിച്ചിരുന്നില്ല. അങ്ങനെ ഒരു ദിവസം എന്റെ ഊഴവും വന്നു. അദ്ദേഹം എന്നെയും രണ്ടായി മടക്കി ഒരു കവറിലിട്ടടച്ച് രജിസ്റ്റേർഡായി അയച്ചു. എന്നെ കിട്ടിയ ആൾ മറ്റു പല കവറുകൾ തുറന്നതിന്റെകൂടെ കവർ കീറുന്ന കത്തിവച്ച് ഞാനിരുന്ന കവറും തുറന്നു. ഞാൻ രണ്ടായി പിളർക്കപ്പെട്ടു. എല്ലാം നഷ്ടപ്പെട്ടതുപോലെ എനിക്കു തോന്നി. ഉപയോഗശൂന്യനും ദരിദ്രനുമായ എന്നെ ഇനി എന്തിനു കൊള്ളും? എന്റെ ദരിദ്രാവസ്ഥയിൽ ദുഃഖഭാരത്തോടെ എന്നിലേക്കു തന്നെ ഞാൻ കുനിഞ്ഞിരുന്നു. സത്യത്തിൽ ആ നിമിഷത്തിലാണ് എന്റെ പുതിയ ജീവിതത്തിന് തുടക്കം കുറിച്ചത്. രണ്ടായി പിളർക്കപ്പെട്ട എന്നെ ഒരു സ്കോച്ചുവച്ച് ഒട്ടിച്ച് ഉപയോഗിക്കാൻ തുടങ്ങി. ആദ്യം എന്നെ എപ്പോഴും മാറ്റി സൂക്ഷിച്ചുവച്ചിരുന്നു. എന്നാൽ ഇന്നു ഞാൻ എപ്പോഴും കൈമാറുന്ന, ഉപയോഗിക്കുന്ന ഒരു നോട്ടായി മാറിയിരിക്കുന്നു.

അങ്ങനെ ഞാൻ അനേകായിരങ്ങളുടെ കൈകളിലൂടെ കടന്നുപോയി. അവരിൽ ചിലരുടെ കൈകൾ മര്യാദയുള്ളതും വെടിപ്പുള്ളതുമായിരുന്നു. എന്നാൽ വേറെ ചിലരുടെ കൈകൾ എണ്ണയും അഴുക്കും പുരണ്ടതായിരുന്നു. അങ്ങനെ കാലക്രമത്തിൽ ഞാനും വെടിപ്പില്ലാത്തവനും മുഷിഞ്ഞവനുമായിത്തീർന്നു. അതിന്റെ ഫലമോ, എളിയവരും സത്യസന്ധതയോടുകൂടി ജോലി ചെയ്യുന്നവരുമായ പാവപ്പെട്ട കൂലിവേലക്കാരുടെയും പലചരക്കു വ്യാപാരികളുടെയും മീൻ കച്ചവടക്കാരുടെയും സന്തോഷത്തിന് ഞാൻ കാരണമായി. ഞാൻ അവർക്ക് യാതൊരു ആവലാതിയും കൂടാതെ എന്നെത്തന്നെ കൊടുത്തു. നല്ലതും പ്രവർത്തനോന്മുഖവുമായ ജീവിതമായിരുന്നു അത്. കാലം കഴിയുന്തോറും ഞാൻ ശൂന്യമാക്കപ്പെടുകയായിരുന്നു. എന്റെ വിളുമ്പുകൾ ദ്രവിച്ച്, ചുക്കിച്ചുളിഞ്ഞ് അവിടെയും ഇവിടെയും കീറി ഓട്ടകൾ വീണു. എന്റെ രൂപവും ഭാവവും നഷ്ടപ്പെടുവാൻ തുടങ്ങി.

എന്റെ അന്ത്യം അടുക്കാറായി. ഞാൻ ഒരു ബാങ്കിൽ പരിശോധനയ്ക്കായി ഏല്പിക്കപ്പെട്ടു. തീയിൽ എന്നെ എരിയിക്കേണ്ടതിനായി ഞാൻ ഒരു ഭാഗത്തേക്ക് മാറ്റപ്പെട്ടു. ഇപ്പോൾ ഞാൻ എന്റെ അവസാനവും കാത്തു കഴിയുന്നു. തന്മൂലം എന്റെ ഈ വിൽപത്രം തയ്യാറാക്കുവാൻ ഞാൻ ആഗ്രഹിച്ചു. **എനിക്ക് യാതൊരു പരാതിയുമില്ല. മറ്റുള്ളവർക്കുവേണ്ടി ഞാൻ ഉപയോഗിക്കപ്പെട്ടതിൽ, ഇല്ലാതായതിൽ ഞാൻ സന്തോഷവാനാണ്. എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കി. എന്റെ കടന്നുപോക്കിൽ ഞാൻ ശാന്തനാണ്.** ഇതുതന്നെ ആയിരിക്കേണ്ടേ ഓരോ ക്രൈസ്തവന്റെയും വിൽപത്രം. നരച്ചുവെളുത്ത മുടിയും ചുക്കിച്ചുളിഞ്ഞ മുഖവും അവിടെയും ഇവിടെയും അനുഭവപ്പെടുന്ന വേദനകളും മറ്റുള്ളവർക്കു വേണ്ടി കൊടുത്ത സമയത്തിന്റെ സമ്പാദ്യമാണ്. ഓരോ ക്രൈസ്തവന്റെയും വിൽപത്രം 'എനിക്ക് യാതൊരു ആവലാതിയുമില്ല' എന്ന വാക്കോടുകൂടി അവസാനിപ്പിക്കാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു.




# നന്മനിറഞ്ഞ മറിയമേ.....

## വാഴ്ത്തപ്പെട്ട ബർത്തലോ ലോംഗോ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

"അമ്മേനിൻ പരിശുദ്ധിയിലേറ്റം
ആദരവോടെ വാനോർ ദൂതർ
പാരിടമവനൊരു നവസുരലോകം
വിണ്ണിൽ ഗീത തരംഗിത ലോലം
നാഥേ, താവക ഭൗമിക ഗേഹം"
(മംഗലവാർത്തക്കാലം ബുധൻ റംശാ)

എന്റെ അമ്മേ..... പരിശുദ്ധ അമ്മേ....

അമ്മയുടെ പരിശുദ്ധിക്കുമുൻപിൽ ഭൂവാസികൾ മാത്രമല്ല വാനവ ദൂതർ പോലും നമിക്കുകയാണ്. എന്റെ ജീവിതത്തിൽ മംഗല വാർത്തയായി വന്ന അമ്മേ, ഈ മംഗലവാർത്താ ക്കാലത്ത് എന്റെ ജീവിതത്തിലേക്ക് ഞാനൊന്നു തിരിഞ്ഞു നോക്കും. ഇറ്റലിയിലെ സമ്പന്ന കുടുംബത്തിൽ ജനിച്ച എന്നെ എന്റെ പെറ്റമ്മ പഠിപ്പിച്ചത് 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയായിരുന്നു. എന്റെ കുഞ്ഞിക്കൈകൾ കൂപ്പി നിന്റെ തിരുസ്വരൂപത്തിനു മുൻപിൽ ഭക്തി പൂർവ്വം അർപ്പിച്ച ജപമാലകളൊന്നും മറക്കാനാവില്ല.

നന്മനിറഞ്ഞ മറിയമേ ചൊല്ലാൻ പഠിപ്പിച്ച എന്റെ അമ്മ എന്നെ വിട്ടുപിരിഞ്ഞു പോയപ്പോൾ എന്റെ ജീവിതത്തിന്റെ താളം തെറ്റി. താളം തെറ്റിയ ജീവിതം നേപ്പിൾസിലെ പഠനം പൂർത്തിയാക്കിയപ്പോഴേക്കും സാത്താന്റെ താളത്തിനൊത്ത് തുള്ളുന്നതായി മാറി.

സാത്താന്റെ ആരാധനയ്ക്കടിമയായിക്കഴിഞ്ഞിരുന്നു എന്റെ ജീവിതം!! ആരോഗ്യം നഷ്ടപ്പെട്ടു. ഞാനൊരു വിഷാദരോഗിയായി!! സാത്താന്റെ അടിമയായിക്കഴിയുമ്പോൾ നഷ്ടപ്പെടുന്നത് ആത്മീയ സന്തോഷമാണല്ലോ?. ഉത്കണ്ഠയും ഭയവും എന്നെ വേട്ടയാടി, വേവലാതികൾക്കു നടുവിൽ ഞാൻ



വാഴ്ത്തപ്പെട്ട ബർത്തലോ ലോംഗോ

വീർപ്പുമുട്ടിയപ്പോൾ കുഞ്ഞുനാളിൽ ചൊല്ലിയ ജപമാലയുടെ കിരണകാന്തി എന്നെ പിന്തുടരുന്നത് ഞാൻ മനസ്സിലാക്കി.

അമ്മേ... പരിശുദ്ധയായ എന്റെ അമ്മേ, നീയെന്നെ കൈവിടില്ലല്ലോ. എന്റെ ഭയത്തിൽ നിന്നും നീ എന്നെ മോചിതനാക്കി. വിഷാദത്തിനടിമയായിരുന്ന എന്നെ വിശ്വാസത്തിന്റെ വാതിൽ തുറന്ന് മാനസാന്തരത്തിന്റെ പാതയിലൂടെ നീ നയിച്ചു. അങ്ങനെ 1971 ഒക്ടോബർ 7ന് ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ ഞാൻ വീണ്ടും നിന്റെ മകനായി. സഭയുടെ വിശ്വസ്ത സന്താനമായി ജീവിക്കാനുള്ള കൃപനൽകിയത് എന്റെ അമ്മേ, നീയായിരുന്നല്ലോ. ബ്രദർ റൊസാരിയോ എന്ന പേരു സ്വീകരിച്ച ഞാൻ നന്മ പ്രവൃത്തികളിൽ മുഴുകിയെങ്കിലും പാപാന്ധകാരത്തിൽ മുഴുകിയ എന്റെ കഴിഞ്ഞകാല ജീവിതം എന്നെ വല്ലാതെ കുത്തിനോവിച്ചു കൊണ്ടിരുന്നു.

വല്ലാത്ത പ്രതിസന്ധി!! മറക്കുവാൻ ശ്രമിക്കുന്തോറും ഓർമ്മകൾ എന്നെ വേട്ടയാടുന്നു. നിരാശയുടെ നീരാളിപ്പിടുത്തത്തിൽ ഞാൻ ആഴ്ന്നുപോകുന്നതുപോലെ!!. മായ്ക്കാൻ ശ്രമിക്കുന്തോറും നിഷേധാത്മക ചിന്തകൾ എന്നെ ആവരണം ചെയ്യുകയാണ്. ഓ!!! മാനസികമായും ശാരീരികമായും ഞാൻ വീണു തളർന്നപ്പോൾ!!. എനിക്ക് ലഭിച്ച ആന്തരിക സ്വരം... എന്നെ അത്മീയ ആനന്ദത്തിലാറാടിച്ചു!!. ദൈവകുമാരൻ മന്നിൽ പിറന്നത് പാപത്തിന്റെ അടിമകളായ ദൈവമക്കളെ രക്ഷിക്കാനായിരുന്നല്ലോ... ദിവ്യനാഥൻ എന്റെ അന്തരാത്മാവിന് നൽകിയ സ്വരം ഇപ്രകാരമായിരുന്നു: "ജപമാല ഭക്തി പ്രചരിപ്പിക്കുന്നവർ ദൈവത്തിന്റെ പ്രത്യേക ഭക്തിക്ക് പാത്രമാകും".

അമ്മേ... നിരാശയുടെ നീർച്ചുഴിയിൽ കാലിടറിവീണ എന്നെ കർത്താവ് കരം പിടിച്ചുയർത്തുകയായിരുന്നു... ദൈവപിതാവ് എനിക്കു നൽകിയ മംഗലവാർത്തയായിരുന്നു ആ ദിവ്യ സ്വരം!!. മാനോവീര്യം നഷ്ടപ്പെട്ടവനു ലഭിച്ച മംഗലവാർത്ത!!.

വി. ഡൊമിനിക്കിന് അമ്മ നൽകിയ വാഗ്ദാനത്തെപ്പറ്റി ഫാ.ആൽബർട്ടോ എന്നെ ഓർമ്മിപ്പിക്കുകകൂടി ചെയ്തപ്പോൾ ഞാൻ ധന്യനായതുപോലെ!!. ഓമനപ്പുത്രനെ അമ്മ വാരിപ്പുണരുന്നതുപോലെ എന്നെ വാരിപ്പുണർന്ന്, നെറുകയിൽ തെരുതെരാ ചുംബിച്ച്, സാത്താന്റെ തല തകർത്തതുപോലെ, എന്നെ ആവരണം ചെയ്ത നിഷേധാത്മക വികാരങ്ങളെയെല്ലാം നിഷ്കാസനം ചെയ്ത എന്റെ പരിശുദ്ധ അമ്മേ, നിന്റെ സ്തുതിഗീതികൾ ഞാനെന്നും ആലപിക്കട്ടെ.

"നാരീമണി നീ ലോകത്തിൽ
പാരമൊരത്ഭുതമാണെന്നും
നിഖിലേശൻ തൻ മാതാവേ
സ്വസ്തി കൃപയുടെ നിറകുടമേ".

അതേ! പരി.അമ്മയുടെ കരം പിടിച്ച് മുന്നേറിയ ബർത്തലോയെ ദൈവം വിലമതിച്ചു! ഇറ്റലിയിലെ നേപ്പിൾസിനടുത്തുള്ള പൊംപിയിൽ അദ്ദേഹം സ്ഥാപിച്ച ജപമാല റാണിയുടെ ദൈവാലയം ഏറ്റവും വലിയ ബസലിക്കയായി തല ഉയർത്തി നിൽക്കുന്നു. മുപ്പതാം വയസ്സിൽ മാനസാന്തരപ്പെട്ട് തുടർന്നുള്ള നാലരപ്പതിറ്റാണ്ട് ജപമാല ഭക്തനായി ജീവിച്ച ബർത്തലോ ലോംഗോ 85-ാം വയസ്സിൽ 1921 ഒക്ടോബർ 5ന് കർത്താവിൽ നിദ്രപ്രാപിച്ചു. പരി. അമ്മയുടെ ജപമാലഭക്തി പ്രചരിപ്പിച്ച അനേകം വിശുദ്ധരുടെ കൂട്ടത്തിൽ ബർത്തലോ ലോംഗോയും എണ്ണപ്പെട്ടു!!.

മംഗലവാർത്തക്കാലത്ത് വിശുദ്ധനെ അനുകരിച്ച് അമ്മയുടെ കരം പിടിച്ച് നമുക്കു മുന്നേറാം. മനോവീര്യം നഷ്ടപ്പെട്ടുവോ? എങ്കിൽ മംഗലവാർത്തയുമായി അമ്മ അരികിലുണ്ട്. പ്രതിസന്ധികളുടെ നടുക്കടലിലാണോ? കരം പിടിച്ചുയർത്താൻ അമ്മ കൂടെയുണ്ട്. മന:സമാധാനം നഷ്ടപ്പെട്ടുവോ? തിരുക്കുമാരൻ നൽകുന്ന നിത്യസമാധാനവുമായി അമ്മ അരികിലുണ്ട്. അമ്മയെപ്പോലെ വിനീതയായി നമുക്കും നമ്മുടെ സഹജർക്ക് മംഗലവാർത്തയായി മാറാം. മംഗലവാർത്തക്കാലത്തെ ബുധനാഴ്ചത്തെ റംശയിലെ ഓനീസാ ദക്ക്ദം നമുക്കും പാടാം.

"വിനയം നിറയും മറിയത്തെ
ദൈവമുയർത്തീ വിണ്ണോളം
നിമിഷം കൊണ്ടൊരു ദാസിയിതാ
രാജകുമാരികയായ് മാറി
ദാവീദിൻ പ്രിയ സുതനേ, നിൻ
ജനനസുമംഗളവാർത്തയിതാ
മന്നിൻ മകളാം മറിയത്തി-
ന്നേകീയുന്നതി സ്വർഗ്ഗത്തിൽ".

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# വിടരാൻ കൊതിക്കുന്ന പൂമൊട്ടുകൾ

**എം.സി. ഇൽഡെഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

വിടരാൻ കൊതിക്കുന്ന പൂമൊട്ടുകൾക്കു വെള്ളവും വെളിച്ചവും വളവുമൊക്കെ ആവശ്യത്തിനും സമയത്തും ലഭിക്കുമെങ്കിൽ യഥാകാലം അവ പരിസരമാകെ നറുമണം പരത്തി വികസിച്ചു വിടരും. അല്ലെങ്കിൽ അവ കരിഞ്ഞുണങ്ങി നശിക്കും. അതുപോലെയാണ് നമ്മുടെ പൊന്നോമനകളും.

ഗർഭസ്ഥശിശുവിന്റെ തലച്ചോറ് മുക്കാൽ ഭാഗവും വികസിക്കുന്നത് അമ്മയുടെ ഉദരത്തിൽ വച്ചാണ്. ഈ കാലഘട്ടം ശിശുവിനെ സംബന്ധിച്ചു വളരെ പ്രാധാന്യം അർഹിക്കുന്നു. ഗർഭിണി സദ്ചിന്തകൾ കൊണ്ടും സംസാരം കൊണ്ടും നല്ല പുസ്തകങ്ങളുടെ വായന കൊണ്ടും പ്രാർത്ഥനകൾ അർപ്പിച്ചുകൊണ്ടും ജീവിക്കുന്നെങ്കിൽ അതിന്റെ സദ്ഫലങ്ങൾ കുഞ്ഞിലും പ്രതിഫലിക്കുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. മറിച്ച് അവർ സങ്കടത്തിലും കരച്ചിലിലും പീഡനങ്ങളേറ്റും ഈശ്വര ചിന്തയില്ലാതേയും ജീവിക്കുന്ന സാഹചര്യത്തിൽ അതു തന്റെ ഉദരത്തിലെ കുഞ്ഞിനേയും ബാധിക്കുമെന്ന് ഇന്നു പരക്കെ അറിയാമല്ലോ! ഒരു കുഞ്ഞു ജനിച്ചു വീഴുന്നതുതന്നെ അമ്മയുടെ മടിത്തട്ടിലാണ്. ഉദരത്തിലായിരുന്നപ്പോൾ പുക്കിൾകൊടിയിലൂടെ അമ്മയിൽ നിന്നും പോഷണവും അമ്മയുടെ ചിന്തയിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും അതിന്റെ ഗുണദോഷഫലങ്ങളും ഏറെക്കുറെ സ്വായത്തമാക്കിയിട്ടുണ്ട്. അതുകഴിഞ്ഞാൽ അമ്മയുടെ ജീവരക്തമാകുന്ന മുലപ്പാലിൽ നിന്നും പോഷണങ്ങളും അമ്മയുടെ സംസാരം, ചേഷ്ടകൾ തുടങ്ങിയ എല്ലാകാര്യങ്ങളും കണ്ടും കേട്ടും വളരുന്ന ശിശു അതു തന്റെ ജീവിതത്തിലും പകർത്താൻ ശ്രമിക്കുന്നു. ഇതു മനസ്സിലാക്കിയാണ് മനശ്ശാസ്ത്രജ്ഞർ പറയുക''ശിശുവിന്റെ മുൻപിൽ വച്ചു മാതാപിതാക്കൾ വഴക്കടിക്കരുത്; സംസാരം സഭ്യമായിരിക്കണം, കയ്യാങ്കളി പാടില്ല. കാരണം ശിശുമനസ്സ് ഉരുകിയ മെഴുകുപോലെയാണ്. കാണുന്നതും കേൾക്കുന്നതും അതിൽ പതിയുന്നു". ശിശു അല്പം കൂടെ വളർന്നാൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണം.''വിടരാൻ കൊതിക്കുന്ന പൂമൊട്ടുകളാണ്'' നമ്മുടെ ശിശുക്കൾ. അവർക്ക് വേണ്ടത് അമ്മിഞ്ഞപ്പാലും അമ്മയുടെ ചൂടും മാത്രമല്ല. അമ്മയുടേയും അച്ഛന്റേയും മറ്റും

സ്നേഹലാളനകളാണ്. ശിശുവിനെ കയ്യിലെടുക്കുവാനും ലാളിക്കാനും അച്ഛനും തയ്യാറാവണം. ഇവയൊക്കെ ഈ "പൂമൊട്ടുകൾ "വികസിച്ചു വിടരാനുള്ള ഉത്തേജകങ്ങളാണ്.

കുഞ്ഞുങ്ങളെ സ്നേഹിക്കുക, ലാളിക്കുക, നല്ലമാതൃകാ ജീവിതം കാഴ്ചവയ്ക്കുക ഇതാണ് ഏറ്റവും പ്രധാനം."യഥാ രാജാ തഥാ പ്രജാ" അതുപോലെ മാതാപിതാക്കൾ എങ്ങനെയോ അതുപോലെയായിരിക്കും അവരുടെ കുഞ്ഞുങ്ങളും. അമ്മ സദ്ചരിതയും അമൃതഭാഷണിയും തികഞ്ഞ ഈശ്വരവിശ്വാസിയും ഉദാരമതിയുമാണെങ്കിൽ അതു കുഞ്ഞുങ്ങളിലും പ്രതിഫലിക്കും. പിതാവു മദ്യപാനം, ചൂതുകളി, ദുഷിച്ച വഴിയിലൂടെയുള്ള ജീവിതവുമാണെങ്കിൽ അതു കുഞ്ഞുങ്ങളെ ബാധിക്കുന്നതായികാണുന്നു. കുഞ്ഞുങ്ങളുടെ പഠനം, പ്രാർത്ഥന എല്ലാം തന്നെ താളം തെറ്റുന്നു. നമ്മുടെ 'പൂമൊട്ടുകൾ' വികസിച്ചു വിടർന്നു പൂമണം പരത്തണമെങ്കിൽ അതിനു പ്രധാന വേഷങ്ങൾ അണിയേണ്ടത് മാതാപിതാക്കളാണ്. അതുപോലെ കുടുംബത്തിലെ മുതിർന്നവരും ഈ ജീവിതനാടകത്തിൽ നടീനടന്മാർ തന്നെയാണ്. കുഞ്ഞുങ്ങളെ സ്നേഹിക്കുന്നവർ അവർക്കു നല്ല മാതൃകകൾ നൽകട്ടെ!

കുഞ്ഞുങ്ങൾക്കു വേണ്ട സ്നേഹം, ലാളന, സമാധാനം, സന്തോഷം ഇവ അവർക്കു കുടുംബത്തിൽ നിന്നു ലഭിക്കണം. അതു അവരുടെ അവകാശമാണ്. കുഞ്ഞുങ്ങൾ ദൈവസ്നേഹത്തിലും ഐക്യത്തിലും ജ്ഞാനത്തിലും വളർന്നുവരണം. അതിനുള്ള സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കുമാണ്. ഇങ്ങനെ വളരുമ്പോഴാണ് കുട്ടികൾ ഉത്തമരും മാന്യരുമായി പരിലസിക്കുക. അവർ മാതാപിതാക്കളേയും ഗുരുജനങ്ങളേയും മുതിർന്നവരേയും ബഹുമാനിക്കുകയും സ്നേഹിക്കുകയും മറ്റുള്ളവരോട് ഉദാരമതികളാകുകയും ചെയ്യുന്നത്.

ഇന്നു സാഹചര്യങ്ങൾ വ്യത്യസ്തമാണ്. കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോകാനും അക്രമവാസനകളിൽ ചെന്നു പെടാനും സാദ്ധ്യതകൂടുതലാണ്. അപ്പോൾ നാം ചെയ്യേണ്ടത് "സാമദാന ഭേദ ദണ്ഡങ്ങൾ" മുറപോലെ പ്രയോഗിക്കുകയാണ്. അവരെ നേർവഴിക്കു നയിക്കാനുള്ള മാർഗ്ഗമാണിത്. ഇതിലൂടെ അത്തരക്കാരെ നമ്മുടെ വരുതിയിലാക്കാം. ആദ്യമായി നല്ലവാക്കുകൾ കൊണ്ടു സ്വാധീനിച്ചും പിന്നീടു ചെറു സമ്മാനങ്ങൾ നൽകിയും പരസ്പരം സ്നേഹിച്ചുകൊണ്ടും അവസാനം ചെറുശിക്ഷകൾ നൽകിയും ഇതു നടപ്പിലാക്കാവുന്നതാണ്. ശിക്ഷ, ശിക്ഷണമാവണം. ഉപദേശിച്ചു നേരേയാക്കൽ!"തായാട്ടു കാട്ടുന്ന ശിശുക്കളെത്താൻ താടിച്ചു ശിക്ഷിച്ചു വളർത്തവേണം" എന്നും പറയുന്നു. കുഞ്ഞുങ്ങളെക്കുറിച്ചു മനഃശാസ്ത്രം പറയുന്നു:

*"ലാളിക്കാനഞ്ചുകൊല്ലം*
*ശിക്ഷിക്കാൻ പത്തു വർഷം*
*പതിനാറായാൽ പുത്രനെ*
*മിത്രമെന്നോർക്കുക".*

കുഞ്ഞുങ്ങൾക്കു നാം നൽകേണ്ട ബാലപാഠം ഇതാണ് "ദമം, ദാനം, ദയ" എന്നീ സൽഗുണങ്ങളാണ്. മറ്റുള്ളവരെ അകമഴിഞ്ഞു സ്നേഹിക്കാനും ദാനധർമ്മങ്ങളിൽ സന്തോഷിക്കാനും സഹജീവികളോട് സ്നേഹവായ്പ്പോടെ പെരുമാറുവാനും അവർ അഭ്യസിക്കട്ടെ. അപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ ദൈവമക്കളായി പരിലസിക്കും. കുഞ്ഞുങ്ങൾ മറ്റുള്ളവരിൽ ദൈവത്തെ കാണണം. ദൈവത്തിൽ മനുഷ്യമുഖം ദർശിക്കണം. ഇതിനു സഹോദരനു ദൈവത്തിന്റെ സ്നേഹം നൽകണം. അല്ലെങ്കിൽ അവർക്കു ദൈവത്തെ കാണാനാവില്ല. ദൈവസ്നേഹം കിട്ടാതെ പോകും.

*"അടുത്തുനില്പോരനുജനെ*
*നോക്കാനാക്ഷികളില്ലാത്തോർക്ക്-*
*രൂപനീശ്വരനദൃശ്യനായാൽ*
*അതിലെന്താശ്ചര്യം"*


ഇതിനു നമ്മെ പ്രാപ്തരാക്കുന്നത് വേദപഠനങ്ങളും സ്കൂൾ വിദ്യാഭ്യാസവുമാണ്. ഇവ കൂടുതൽ വെളിച്ചം വീശുന്ന ഉറവിടങ്ങളാണ്. ഗുരുജനങ്ങൾ നമ്മുടെ മനസ്സിലെ ഇരുട്ടിനെ മാറ്റുന്നു. "മാതാപിതാഗുരു ദൈവം". മാതാപിതാക്കളേയും ഗുരുക്കന്മാരേയും ദൈവതുല്യം കാണണം. "ഗുരുവാക്കിനെതിർ വാക്കില്ല"എന്ന സൂക്തവും മറക്കേണ്ട. ഗുരുനിന്ദ പാപമാണ്.




ഗുരുക്കന്മാരെ വേദനിപ്പിക്കുന്നവൻ "ഗുരുത്വം കെട്ടവനാണ്" (കുരുത്തം കെട്ടവൻ). കുട്ടികൾ ഈ ഉരാക്കുടുക്കിൽ അകപ്പെടാതിരിക്കട്ടെ. ഗുരു ജനങ്ങളെ വന്ദിക്കാനും സ്നേഹിക്കാനും കുട്ടികൾക്കു സാധിക്കണം. വിദ്യ അഭ്യസിക്കുമ്പോൾ നമ്മുടെ യത്നം പാഴായിപ്പോകരുത്. ഉയരങ്ങളിലേക്കുള്ള ഓരോ ചവിട്ടുപടിയും നിശ്ചിയ ദാർഢ്യത്തോടും ഉറച്ച ദൈവവിശ്വാസത്തോടും ചവുട്ടിക്കയറുക. അതിന്റെ അനന്തരഫലം ഉദ്യോഗലബ്ധിയോ ധനസമ്പാദനമോ ആവേണ്ട. ജീവിതം മത്സരബുദ്ധിയോടെ നീതിയും ന്യായവും നടപ്പിലാക്കി മുന്നേറാൻ സാധിക്കണം. അതിനുള്ള ഒരു സൂത്ര കവിത യിതാ!

*"ശ്രീമദ്ഗുരുവിനെ തോല്പിച്ചൂ*
*അച്ഛനെ കൊന്നു ബുദ്ധിമാൻ*
*അമ്മയെക്കൊന്നു കൊടുക്കാതെ*
*ഭാര്യക്കെല്ലാം കൊടുക്കണം"*

ബുദ്ധിമാനാവട്ടെ അഭിവന്ദ്യനായ ഗുരുവിനെ "തോല്പിക്കുന്നു". സ്വന്തം അച്ഛനെ "കൊല്ലുന്നു". നീതി നടത്തുന്നവനാവട്ടെ അമ്മയ്ക്കൊന്നും "കൊടുക്കുകയില്ല". ഭാര്യക്കാവട്ടെ "എല്ലാം കൊടുക്കുന്നു". ശിഷ്യൻ പഠിച്ചു മിടുക്കനായി ഉന്നത നിലവാരത്തിലെത്തുമ്പോൾ വന്ദ്യഗുരുവാകട്ടെ പഴയ താഴ്ന്ന നിലവാരത്തിലുള്ള അറിവുമായി കഴിയുമ്പോഴാണ് ഗുരുവിനു പോലും സന്തോഷവും അഭിമാനവും ഉണ്ടാവുക, ശിഷ്യന്റെ ഉയർച്ചയിലാണ്. അങ്ങനെയാണ് ഗുരുവിനെ തോല്പിക്കുക. നാം



പഠിക്കുന്ന കാലത്ത് നാം അറിയപ്പെട്ടിരുന്നത് അച്ഛന്റെ മേൽവിലാസത്തിലാണ്. അതായത് മത്തായി സ്കൂളിൽ പോകുമ്പോൾ നാട്ടുകാർ പറയുക "നമ്മുടെ ഔസേപ്പിന്റെ മോനാ, ഈ പോണ മത്തായി". പിൽക്കാലത്തു മത്തായി പഠിച്ച് ഉന്നത നേട്ടങ്ങൾ കൈവരിച്ച് വലിയൊരുദ്യോഗസ്ഥനായി നാട്ടിലെത്തുമ്പോൾ ജനം പറയും "ഈ പോകുന്ന മത്തായി സാറിന്റെ അപ്പനാണു നമ്മുടെ ഔസേപ്പു ചേട്ടൻ". ഇവിടെ മകൻ അച്ഛനെ "കൊല്ലുന്നു". അമ്മയ്ക്കൊന്നും കൊടുക്കാതിരിക്കുന്നത് ന്യായവും യുക്തവുമാണ്. കാരണം അമ്മ വീട്ടിലെ സർവ്വാധികാരിയാണ്. അമ്മയ്ക്ക് ആരും ഒന്നും കൊടുക്കേണ്ടതില്ല. അവൾക്ക് ആവശ്യമുള്ളത് എടുക്കാനും ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മറിച്ചു ഭാര്യക്കാവട്ടെ അവളുടെ ആവശ്യമറിഞ്ഞു വേണ്ടതു കൊടുക്കുവാൻ ഭർത്താവിനു കടമയുണ്ട്. ഈ കടമ നിറവേറ്റുന്നതാണ് ന്യായയുക്തം. പഠിക്കുന്ന കുട്ടികൾക്കു വിദഗ്ധർ നൽകുന്ന ഉപദേശമുണ്ട്.

*"കാകദൃഷ്ടി, ബകധ്യാനം, ശ്വാനനിദ്ര*
*അല്പാഹാരം, ജീർണ്ണവസ്ത്രം !!.*

കാക്കയെപ്പോലെ സൂക്ഷ്മതയും പരിസര ബോധവും, കൊക്കിനെപ്പോലെ ശ്രദ്ധാലുവാകുക, ശ്വാനനെപ്പോലെ നിദ്രയിലും ബോധവാനായിരിക്കണം. നിറവയറോടെ ഉറങ്ങരുത്, പഠിക്കാൻ അതിരാവിലെ ഉണരുകയില്ല. അല്പാഹാരം എപ്പോഴും ശീലമാക്കുക. പോഷകമൂല്യങ്ങൾക്കു പ്രധാന്യം നൽകുക. വസ്ത്രധാരണത്തിൽ കൂടുതൽ ശ്രദ്ധവേണ്ട. ആർഭാടങ്ങൾ ഒഴിവാക്കി സാധാരണ വസ്ത്രങ്ങൾ ധരിക്കുക. ഇവയെല്ലാം പഠനത്തെ സഹായിക്കും. ഉറക്കമിളച്ചിരുന്നു പഠിക്കരുത്, ഗുണത്തേക്കാളേറെ ദോഷം ചെയ്യും. "ഇത്രയും കൂടുതൽ മാർക്കു വാങ്ങിയത് നന്നായി ഉറങ്ങിയാ ടീച്ചറേ!" എന്നു കേട്ടിട്ടില്ലേ. അതിരാവിലെ എഴുന്നേല്ക്കുക നാലു-നാലര മണി. പ്രാർത്ഥനയോടെ ആരംഭിക്കുക. രാത്രി ഒൻപതര-പത്തോടെ ഉറങ്ങുക. അതു പ്രാർത്ഥനയോടെയാകട്ടെ. പഠിക്കാനുള്ള ബുദ്ധിയും ശ്രദ്ധയും ഈശ്വരനിൽ നിന്നും ഒഴുകിയെത്തും. വിജയം സുനിശ്ചയം. ജീവിതം ധന്യമാവട്ടെ!!

## കവിത

ധനുമാസരാവിൽ കുളിരുള്ള രാവിൽ
ആകാശം പൊട്ടിവിരിഞ്ഞു.
നക്ഷത്രദീപം വാനിലുദിച്ചു.
നാഥന്റെ വരവിൻ അടയാളമായ്
ഉണ്ണിയാം പൈതലിൻ ജനനത്തിനായ്

മാലാഖമാർ വന്നു പാടിടുന്നു
ആമോദമോടെ പാടിടുന്നു
അത്യുന്നതത്തിൽ ദൈവത്തിന്
മഹത്ത്വവും ഭൂമിയിൽ മർത്ത്യന്
ശാന്തിയും....... സമാധാനവും.

ഇടയന്മാർ ഓടിയണഞ്ഞിടുന്നു
ആനന്ദനൃത്തമാടിടുന്നു
പുൽക്കൂട്ടിൽ ശയിക്കും പൈതലിനെ
താണുവണങ്ങി നമിച്ചിടുന്നു;
ദൈവത്തെ വാഴ്ത്തി സ്തുതിച്ചിടുന്നു.

വിശുദ്ധിതൻ പടവുകൾ കയറിടുവാൻ
വിശുദ്ധിയിലൂടെ നയിച്ചീടുവാൻ
പാപാന്ധകാരം അകറ്റിടുവാൻ
ദൈവത്തിൻ പുത്രൻ പിറന്നുവല്ലോ
കാലിതൊഴുത്തിലെ പുൽത്തൊഴുത്തിൽ.

**ജോസ്. എ. അറയ്ക്കൽ,**
**കൂരോപ്പട**






# ദൂത്

**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ദൈവം** എന്നെ സ്നേഹിക്കുന്നില്ല; സ്നേഹിക്കുന്നില്ല; സ്നേഹിക്കുന്നില്ല; ഒരു വാക്കുപോലും എന്നോട് പറയുന്നുമില്ല. പകലന്തിയോളം പരതിനടന്നിട്ടും പരിഭവം മാത്രമേ ഉള്ളിലുള്ളൂ. ഉടച്ചുവാർത്ത് ഈ ഉടലുനല്കിയ ഉടയവനോട് ഉയർത്തുന്നു നിർത്താത്ത ഭീഷണി. ജീവിതത്തിൽ ഉത്തേജക മരുന്നിനേക്കാൾ ശക്തിമത്തായ "സദ്വാർത്ത" എവിടെനിന്ന് വരും. നടന്നുനീങ്ങിയ കാലമറയ്ക്കു ള്ളിൽ ഒരു വലിയ സദ്വാർത്തയുടെ നനുത്ത ഓർമ്മ! രാത്രിയുടെ ഭീകരതയിൽ ശത്രുശക്തിയുടെ പിടിമുറുക്കം തടയാൻ കാത്തുകിടന്ന ഇടയന്മാരെ പക്ഷത്തു ചേർത്തു പോകുന്നു. ചിതമല്ലാത്ത വാർത്ത കേട്ടാൽ ചിതൽപ്പുറ്റുപോലെ ഉറച്ചി രിക്കും. ഇന്ന് നിരത്തിലിറങ്ങിയാൽ നിവർന്നുനിൽക്കുന്ന "ന്യൂസ്" വലിയ സന്തോ ഷത്തിനുവേണ്ടിയുള്ള സദ്വാർത്തയോ? വരുന്ന വാർത്തയുടെ "സത്ത്" ഏറെ ക്കുറെ മുഷിപ്പിക്കുന്നതും തളർത്തുന്നതുമാവും. എന്തായാലും...............പുലരിയിലെ ഹിമകണത്താൽ ഈറനണിഞ്ഞ ആ പത്രം ആർത്തിയോടെ എടുത്തു നിവർത്തു.............വിങ്ങുന്ന ഹൃദയവുമായി ഞാൻ നിന്റെ പക്കലെത്തട്ടെ.

ഒരു റിയൽ എസ്റ്റേറ്റ് വാങ്ങി, ഒരു സ്മാർട്ട് സിറ്റി ഒരുക്കി. കോടിപതിയായി എന്നും നിലനിൽക്കാനാവില്ല. എന്നാൽ ഒന്നു നിനക്കു സാധിക്കില്ലേ? എന്നെ നോക്കുവാൻ. നിന്റെ ചെവിയൊന്നു ചായ്ക്കുവാൻ. പൂവായ് നിന്റെ പക്കലെത്തി യാൽ നീ തട്ടിമാറ്റും. പൂത്തെന്നലായ് എത്തിയാൽ നീ കതകടച്ചിരിക്കും. പൂമേട യൊരുക്കിയാൽ നീ തച്ചുടയ്ക്കും. നിനക്കത് എല്ലാം അലർജിയാണ്. മനുഷ്യനായ് നിന്റെ മുമ്പിൽ വീണ്ടുമെത്തിയാൽ! കുറ്റവാളിയെപ്പോലെ എന്നെ ക്രൂശിലേറ്റും. നിന്റെ തളർന്നൊരു ഹൃദയത്തെ ചേർത്തുനിർത്താം. നീ ഒന്നു മനസ്സുവച്ചാൽ സുഖ മായിടും. എന്റെ അസ്ഥികളൊന്നും ലോകം തകർത്തില്ല. നിനക്കായ്
ഒരിക്കൽ മാത്രം ഞാൻ ശിരസ്സു നമിച്ചു. പിതാവിന്റെ മാറിൽ!
എല്ലാം പൂർത്തീകരിക്കുന്ന ആത്മസംതൃപ്തിയോടെ.....

ഈ ദൂത് നിനക്കും വേണ്ടി ! ! !






# മനുഷ്യനെ ദൈവികീകരിക്കുവാൻ ദൈവം മനുഷ്യനായി


**ലീനാ അറയ്ക്കൽ**
അപ്പസ്തോലിക് ഒബ്ളേറ്റ്സ്


മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും ജീവദാതാവും നിയന്താവുമായ ഈ ദൈവത്തിന്റെ സമർപ്പിതനാണ്. മിശിഹായുടെ സഹോദരനായ അവൻ അവിടുത്തെ ജനനമരണോത്ഥാനങ്ങളിൽ പങ്കുപറ്റുന്നതോടൊപ്പം അവിടുത്തെ ജീവിതത്തെ അനുകരിക്കുവാൻ വിളിക്കപ്പെട്ടവനുമാണ്.

ഈ അവബോധത്തോടെ ജീവിക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയേയും തിരിച്ചറിയാനുള്ള സവിശേഷത. ഇതിനായി:-

**ദൈവത്തോട്**: നന്ദിയുടെയും സ്തുതിയുടേതുമായ ഒരു മനോഭാവം ഉണ്ടായിരിക്കുക. പ്രത്യേകിച്ച് ഈ പ്രപഞ്ചമാകുന്ന ദാനത്തിന് അതിലെ അനേകായിരം ജീവജാലങ്ങളെ പ്രതി, എല്ലാറ്റിലുമുപരി നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിനും അത് കാത്തു പരിപാലിക്കുന്നതിനും. ജീവന് പ്രാധാന്യം കൊടുക്കാനറിയാതെ അതിനെ നശിപ്പിക്കുന്നവർക്കായി പ്രാർത്ഥനയിലൂടെയും പരിഹാര പ്രവൃത്തികളിലൂടെയും മാപ്പപേക്ഷിക്കുക.

* * * * *

**നമ്മോടുതന്നെ**: തന്നെ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്ന ദൈവവചനത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് ഏതു ജീവിതസാഹചര്യത്തെയും ദൈവദാനമായി കണ്ട് ശാന്തമായി സ്വീകരിക്കുന്നതിന് പ്രയത്നിക്കുക.

* * * * *

**മറ്റുള്ളവരോട്**: വാക്കുകളുടെയും ജീവിതസാക്ഷ്യത്തിന്റെയും സഹായത്താൽ സമർപ്പണജീവിതത്തിന്റെയും ജീവന്റേതന്നെയും ഈശോയ്ക്കായി അർപ്പിക്കപ്പെടുന്ന സഹനത്തിന്റെയും മൂല്യം മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുക.

* * * * *

**സാഹചര്യത്തോട്**: സ്നേഹനിർഭരമായ നോട്ടത്തിന്റെയും നിസ്സാരമായ പുഞ്ചിരിയുടെയും പരസ്പരബഹുമാനത്തിന്റേയും കൈമാറലിലൂടെ നമുക്കുചുറ്റും സാഹോദര്യത്തിന്റെയും പരസ്പര സ്വീകരണത്തിന്റേതുമായ ഒരു അന്തരീക്ഷത്തെ കെട്ടിപ്പടുക്കാൻ പരിശ്രമിക്കാം.




# തിരുനാളുകൾ...



**ഈ**ശോമിശിഹായുടെ ജനനത്തോട നുബന്ധിച്ചുള്ള മംഗലവാർത്തക്കാലത്തിലും അവിടുത്തെ മാമ്മോദീസാ കേന്ദ്രമാക്കിയുള്ള ദനഹാക്കാലത്തിലും പ്രത്യേകമായി അനുസ്മ രിക്കുന്ന മറ്റു ചില തിരുനാളുകളുണ്ട്.

പൗരസ്ത്യസുറിയാനി സഭാകലണ്ടർ അനുസരിച്ച് പരി. കന്യകാമറിയത്തിന് ഏറ്റവു മധികം പ്രാധാന്യം കൊടുക്കുന്നത് മംഗല വാർത്തക്കാലത്തിലാണ്. "ഇതാ കർത്താവിന്റെ ദാസി" എന്നു പറഞ്ഞുകൊണ്ട് മാലാഖയുടെ സന്ദേശത്തിന് പരി. മറിയം സമ്മതം മൂളിയ പ്പോഴാണ് അത് മംഗളവാർത്തയായത്. രക്ഷ കനെ ലോകത്തിന് പ്രദാനം ചെയ്തവൾ എന്ന നിലയ്ക്ക് പരി. കന്യകാമറിയം വലിയൊരു സ്ഥാനം വഹിക്കുന്നു. ഡിസംബർ 8ന് മാതാ വിന്റെ അമലോത്ഭവത്തിരുനാൾ ആഘോഷി ക്കുന്നു. പരിശുദ്ധനായ ദൈവത്തിന് ജന്മം കൊടുക്കേണ്ടവൾ പരിശുദ്ധയായിരിക്കേണ്ട തിന് ദൈവം അവളെ ജന്മപാപത്തിന്റെ മാലി ന്യത്തിൽനിന്നും വിമുക്തയാക്കി. പിറവിക്കാ ലത്തിലെ രണ്ടാം വെള്ളിയാഴ്ച ദൈവമാതൃ ത്വത്തിരുനാളായി ആഘോഷിക്കുന്നു. രക്ഷാ കര ചരിത്രത്തിൽ അതിപ്രധാനമായ സ്ഥാനം വഹിച്ച, ദൈവപുത്രന്റെ അമ്മയായിത്തീർന്ന പരി. കന്യകാമറിയത്തെ അനുമോദിക്കുക എന്ന താണ് ഈ തിരുനാളിന്റെ ലക്ഷ്യം.

ഡിസംബർ 18-ാം തീയതി മാർത്തോമ്മാ സ്ലീവായുടെ തിരുനാളാണ്. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിത്വം വരിച്ച മൈലാപ്പൂർ മലയിലെ കരിങ്കൽ കുരിശ് രക്തം വിയർത്ത തിന്റെ അനുസ്മരണയാണിത്. 1557 ഡിസംബർ 18 ന് ആരംഭിച്ച ഈ സംഭവം കുറേ വർഷ ത്തേയ്ക്ക് ഇതേ തീയതിയിൽത്തന്നെ ആവർത്തിച്ചുവെന്ന് പാരമ്പര്യം നിലനില്ക്കു ന്നുണ്ട്. ഡിസംബർ 27 ന് വി. യോഹന്നാൻ ശ്ലീഹായേയും 28 ന് ഈശോയ്ക്കുപകരം ഹേറോദേസിനാൽ വധിക്കപ്പെട്ട കുഞ്ഞിപ്പൈ തങ്ങളേയും അനുസ്മരിക്കുന്നു. ജനുവരി മൂന്നിന് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ഓർമ്മദിനമായി കൊണ്ടാ ടുന്നു.

ജനുവരി 6-ാം തീയതി ആഘോഷി ക്കുന്ന ദനഹാത്തിരുനാളിനുശേഷം വരുന്ന എല്ലാ വെള്ളിയാഴ്ചകളും വിശുദ്ധരുടെ തിരു നാൾ ദിവസങ്ങളാണ്. മിശിഹായുടെ പരസ്യ ജീവിതം അനുസ്മരിക്കുന്ന ദനഹാക്കാല ത്തിൽ, മിശിഹായ്ക്കുവേണ്ടി ഈ ലോകത്തിൽ സാക്ഷ്യം വഹിച്ചവരുടെ ഓർമ്മയാണ് പ്രധാ നമായും അനുസ്മരിക്കുന്നത്.

**ഒന്നാം വെള്ളി:** സ്നാപകയോഹ ന്നാൻ-"ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ" ലോകത്തിന് ചൂണ്ടിക്കാണിച്ചുകൊടുത്തത് സ്നാപകയോഹ ന്നാനാണ്. കർത്താവിന് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻ, മാമ്മോദീസായിലൂടെ ലോകത്തിലുള്ള മിശിഹായുടെ വെളിപാടിന് സാക്ഷ്യം വഹിക്കുകയും ചെയ്തു.




**രണ്ടാം വെള്ളി:** പത്രോസ്- പൗലോസ് ശ്ലീഹന്മാർ - ശ്ലീഹന്മാരിലൂടെയാണ് മിശിഹാ രഹസ്യം ഭാവിതലമുറയ്ക്ക് കൈമാറപ്പെട്ടത്. സഭയുടെ നെടുംതൂണുകളാണ് പത്രോസ്-പൗലോസ് ശ്ലീഹന്മാർ.

**മൂന്നാം വെള്ളി:** സുവിശേഷകന്മാർ- വെളിവാക്കപ്പെട്ട മിശിഹാരഹസ്യങ്ങൾ രേഖപ്പെടുത്തിയവരാണ് സുവിശേഷകന്മാർ.

**നാലാം വെള്ളി:** വി. എസ്തപ്പാനോസ് -മിശിഹായ്ക്ക് സാക്ഷ്യം വഹിച്ചതിന്റെ പേരിൽ ആദ്യരക്തസാക്ഷിയായി മാറിയത് വി. എസ്തപ്പാനോസ് ആണ് (അപ്പ. പ്ര. 7, 54-60).

**അഞ്ചാം വെള്ളി, ആറാം വെള്ളി:** ഗ്രീക്ക് മല്പാന്മാർ, സുറിയാനി മല്പാന്മാർ വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യങ്ങളെ ആധികാരികമായി വ്യാഖ്യാനിച്ചു തന്നവരാണ് സഭാമല്പാന്മാർ.

**ഏഴാം വെള്ളി:** സഭാമദ്ധ്യസ്ഥൻ-വിശ്വാസസത്യങ്ങളെ അനുദിനജീവിതത്തിൽ പ്രായോഗികമാക്കുന്നതിനുവേണ്ടി വിശ്വാസികൾക്ക് പ്രചോദനവും ആവേശവും നല്കുന്നത് പ്രാദേശിക സഭാമദ്ധ്യസ്ഥനാണ്.

**എട്ടാം വെള്ളി:** സകല മരിച്ചവരുടെയും തിരുനാൾ- മിശിഹായ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് ഈ ലോകത്തിൽനിന്നും വേർപെട്ടുപോയ എല്ലാ മരിച്ചവരെയും ഓർമ്മിച്ചുകൊണ്ട് ദനഹാക്കാലത്തിലെ വിശുദ്ധരുടെ ഓർമ്മ സമാപിപ്പിക്കുന്നു.

## ദൈവത്തിനു നമ്മുടെ സ്നേഹം ആവശ്യമോ?

നാം ഓരോരുത്തരും വിളിക്കപ്പെട്ടിക്കുന്നത് വിശുദ്ധിയിലേക്കാണ്. വി. ഗ്രന്ഥത്തിൽ പഴയനിയമ, പുതിയനിയമ ഭാഗങ്ങളിൽ എല്ലാം ഈ സത്യം ഉയർന്നുനില്ക്കുന്നു.

എന്താണ് വിശുദ്ധി? നമ്മുടെ ഹിതത്തെ ദൈവത്തിന്റെ ഹിതത്തോട് ഒട്ടിച്ചേർക്കുകയെന്നതാണ് വിശുദ്ധി. നാം ഇപ്രകാരം ചെയ്യേണ്ടതിന്റെ ആവശ്യകത ഉണ്ടോ? സർവ്വത്തിന്റെയും ഉടയവനും നാഥനുമായ ദൈവം നമ്മെ ശൂന്യതയിൽനിന്നും ഇല്ലായ്മയിൽനിന്നും സൃഷ്ടിച്ചവനാണ്. അതിനാൽതന്നെ നാം അവിടുത്തെ അനുസരിക്കണം. അതുമാത്രമോ "ദൈവം സ്നേഹമാണ്" (1 യോഹ 4,5). താൻ സ്നേഹമാണെന്ന് അവിടുന്ന് വെളിപ്പെടുത്തി. അവിടുന്നു നമ്മെ സ്നേഹിക്കുന്നു. അനന്തമായി, പരമാവധിയിൽ സ്നേഹിക്കുന്നു. ആയതിനാൽ നാം അവിടുത്തെ തിരുഹിതത്തോട് ഒട്ടിച്ചേരണം.

എന്നാൽ ദൈവം സ്നേഹമാണെന്ന സുന്ദരസത്യം നാം ഏറെ ഗ്രഹിച്ചിട്ടില്ല. സ്നേഹം എന്ന പദംതന്നെ നമ്മെ പലപ്പോഴും സ്പർശിക്കാറില്ല. കാരണം ഇന്നിൽ വളരെയേറെ ഉപയോഗിക്കുകയും ദുരുപയോഗിക്കുകയും ചെയ്യുന്ന ഒരു പദമായി സ്നേഹം മാറിയിരിക്കുന്നു. പലപ്പോഴും ദൈവത്തിന്റെ ഈ സ്നേഹത്തെ നാം മനസ്സിലാക്കാൻ ശ്രമിക്കുന്നത് സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും നമുക്കുള്ള മാനുഷികകഴിവ് വച്ചുകൊണ്ട് നമ്മുടെ മനഃശാസ്ത്രത്തിന്റെ വെളിച്ചത്തിലാണ്. അതിനാൽ തന്നെ ഈ സ്നേഹത്തിന്റെ ധന്യതയോ, ആസ്വാദ്യതയോ നമുക്ക് അനുഭവിക്കാൻ സാധിക്കാതെ പോകുന്നു.

എല്ലാറ്റിന്റെയും ഉടയവനും സർവ്വത്തിന്റെയും അധീശനുമായ ദൈവത്തിന് ഒന്നിനെകൊണ്ടും ഒന്നിന്റെയും ആവശ്യമില്ല. ഈ ദൈവത്തെ നമ്മുടെ ചിന്തകൊണ്ട് അളക്കുവാൻ, നമ്മുടേതായ കാഴ്ചപ്പാടുകൊണ്ട് വിലയിരുത്തുവാൻ ശ്രമിക്കുന്നത് എത്രയോ മൗഢ്യമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു. ഈ ലോകത്തിൽ കാണുന്നവയെല്ലാം-കര, കടൽ, കരയിലെ വൈവിധ്യമാർന്ന ജീവജാലങ്ങൾ, ബഹിരാകാശവും സൂര്യനും ചന്ദ്രനും എന്തിന് നമ്മുടെ ആരാമത്തിൽ വിടരുന്ന മനോഹരമായ ഒരു തുമ്പുപോലും അവിടുത്തെ കരവേലയല്ലേ. ദൈവവും ഈ സൃഷ്ടികളും തമ്മിൽ ഒരു ബന്ധമുണ്ട്. ആ ബന്ധം സ്**നേഹമല്ലേ?**



പ്രതീക്ഷയുടെ
പൂമൊട്ടുകൾ



# അല്ലയോ പുരോഹിതാ.....

പുരോഹിതാ, നീ മാത്രമാണ് ഈശോയുടെ സന്ദേശവാഹകൻ.

നിനക്കുമാത്രമേ ലോകത്തിന് യഥാർത്ഥ സമാധാനവും സന്തോഷവും ശാന്തിയും നൽകുവാൻ കഴിയൂ.

മോചിക്കുന്നതിനുവേണ്ടിമാത്രം നീ പാപം അറിയേണ്ടവനാണ്.

ശുദ്ധീകരിക്കുന്നതിനുവേണ്ടിമാത്രം അശുദ്ധിയെ നീ അറിയണം.

സ്വയം നിയന്ത്രിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി നിന്റെ സ്വഭാവത്തെ നീ അറിയണം.

നീ ഞങ്ങൾക്കു സദൃശനാണ്, ഞങ്ങളിൽനിന്ന് വ്യത്യസ്തനും.

നീ ഞങ്ങളുടെ സഹോദരനും ദൈവികതയുടെ പ്രകാശനവുമാണ്.

സ്വർഗ്ഗത്തിനും ഭൂമിക്കും മധ്യേ മാദ്ധ്യസ്ഥ്യംവഹിക്കുവാൻ ദൈവത്താലും മനുഷ്യരാലും തിരഞ്ഞെടുക്കപ്പെട്ടവനാണ്.

പ്രത്യക്ഷത്തിലുള്ള നിന്റെ ഏകാന്തത ഒരിക്കലും വറ്റാത്ത ധന്യതയുടെ ഉറവിടമാണ്.

പുരോഹിതാ, നീ തനിച്ചല്ല, നിന്നെ 'പിതാവേ' എന്നു ജനങ്ങളെല്ലാം വിളിക്കുന്നു.

നിന്നിൽ നിന്നും ജീവൻ പകരുന്ന എന്തെങ്കിലും പാനം ചെയ്യുവാൻ സാധിക്കുമെന്നു ഞങ്ങൾ കരുതുന്നു. എന്തെന്നാൽ നീ ആണ് ആത്മാവിന് ജീവനും കൃപയും നൽകുന്നവൻ.

**ദൈവദാസൻ ബിഷപ്പ് വില്ല്യം ജക്വീന്താ**





# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ

മോളി വീമ്പനാടിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ദൈവത്തിന്റെ അനന്തകാരുണ്യവും സ്നേഹവും കരകവിഞ്ഞൊഴുകിയതാണ് മനുഷ്യാവതാരം. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം മനുഷ്യകുലത്തിനു രക്ഷ പ്രദാനം ചെയ്യുവാൻ മനുഷ്യനായി ഈ ഭൂമിയിൽ അവതരിക്കുവാൻ തീരുമാനിച്ചു. അതിന് അവിടുന്ന് തിരഞ്ഞെടുത്തത് നസ്രസിലെ പാവപ്പെട്ട ഒരു കന്യകയെ. അങ്ങനെ പ.കന്യകാമറിയം ലോകരക്ഷയ്ക്ക് ഉപകരണമായി. നമുക്കും പ. മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ രക്ഷയുടെ ഫലങ്ങൾ അനുഭവിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ട് ഈ ജപമാല അർപ്പിക്കാം.

**ഒന്നാം ദൈവരഹസ്യം:** *ദൈവകടാക്ഷം ഏറ്റുവാങ്ങിയവൾ...*(ലൂക്കാ 1,27) "...കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു". പ. അമ്മേ, നീ ദൈവപ്രസാദം ലഭിച്ചവളായിരുന്നു. ദൈവത്തിന്റെ പ്രത്യേകമായ കടാക്ഷം ഏറ്റുവാങ്ങിയവളായിരുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളായിരുന്നു. പ. അമ്മേ, ഓരോ നിമിഷവും ദൈവത്തിന്റെ കടാക്ഷത്തിന് പാത്രമാകുവാൻ, ദൈവപ്രസാദം ഏറ്റുവാങ്ങുവാൻ നീ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**രണ്ടാം ദൈവരഹസ്യം:** *ദൈവകൃപ നിറഞ്ഞവൾ...*(ലൂക്കാ 1,28) "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി... കർത്താവ് നിന്നോടു കൂടെ..". പ. അമ്മേ, നീ കൃപനിറഞ്ഞവളായിരുന്നു. പാപത്തിന്റെ ഒരംശം പോലും നിന്നിലില്ലായിരുന്നു. നിന്റെ മനസ്സും ശരീരവും പരിശുദ്ധനായ ദൈവത്തിന്റെ കൃപയാൽ സമൃദ്ധമായിരുന്നു. എന്നാൽ പ. അമ്മേ, നിന്റെ മക്കളായ ഞങ്ങളോ? പാപത്തിന്റെ ബന്ധനത്തിന് അടിമപ്പെട്ടവരാണ്. വിമോചനവും രക്ഷയും ഞങ്ങളിൽ നിന്നും വളരെ വളരെ അകലെയാണ്. പ. അമ്മേ, ഞങ്ങളെ സഹായിക്കണമേ. ദൈവകൃപയിൽ നിറയാൻ ഞങ്ങൾക്കു വേണ്ടി നിന്റെ തിരുക്കുമാരനോട് പ്രാർത്ഥിക്കണമേ.

**മൂന്നാം ദിവ്യരഹസ്യം:** *ദൈവപുത്രന് ജന്മം കൊടുത്തവൾ...*(ലൂക്കാ 1,31) "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് ഈശോ എന്ന് പേരിടണം...". പ. അമ്മേ, ദൈവപുത്രന് ജന്മം കൊടുത്തവളാണ് നീ. ദൈവപുത്രനെ ഹൃദയത്തോട് ചേർത്തവളാണ്... അമ്മേ, നീ മാറോടു ചേർത്തു താരാട്ടു പാടിയുറക്കിയ ദിവ്യപൈതൽ നിന്റെ ഹൃദയത്തിന്റെ ചുടു നിശ്വാസങ്ങളേറ്റു വാങ്ങിയാണ് വളർന്നത്. ഭയവും ആശങ്കകളും മനസ്സിനെ കീഴടക്കിയ നിമിഷങ്ങളിൽ ഉണ്ണിശോ അഭയം തേടിയത് നിന്റെ കരങ്ങളിലാണ്. അമ്മേ, മാതാവേ, ഭയവും അസ്വസ്ഥതയും ആകുലതയും കൊണ്ട് ഞങ്ങളുടെ മനസ്സു തളരുമ്പോൾ നിന്റെ മാതൃസ്നേഹത്തിൽ അഭയം തേടുവാൻ ഞങ്ങളെ സഹായിക്കണമേ.

**നാലാം ദൈവരഹസ്യം:** *ദൈവഹിതത്തിന് സമർപ്പിച്ചവൾ...* (ലൂക്കാ 1,38) "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". ദൈവഹിതത്തിന് സമ്പൂർണ്ണമായി സമർപ്പിച്ച പ. അമ്മേ, ലോകരക്ഷയ്ക്കു വിലയായി കൊടുത്തത് പവിത്രമായ നിന്റെ ജീവിതമായിരുന്നു. സ്വന്തമായ നിന്റെ ഇഷ്ടങ്ങളും കാത്തുവച്ച നിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളുമായിരുന്നു. അമ്മേ, മാതാവേ, ദൈവഹിതത്തിനു മുമ്പിൽ ഞങ്ങളുടെ ഇഷ്ടങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും തീരുമാനങ്ങളും വിട്ടുകൊടുക്കുവാൻ, ഉപേക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

**അഞ്ചാം ദൈവരഹസ്യം:** *ദൈവത്തിന് എല്ലാം സാദ്ധ്യമാണെന്ന് വിശ്വസിച്ചവൾ* (ലൂക്കാ 1,34-37) "മറിയം ദൂതനോട് പറഞ്ഞു, ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ... ദൂതൻ മറുപടി പറഞ്ഞു, ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല". പ. അമ്മേ, മംഗളവാർത്തയുടെ നിമിഷങ്ങളിൽ നിന്റെ മനസ്സ് സംഘർഷത്താൽ നിറഞ്ഞുവല്ലോ. ജീവിതത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ- സാധിക്കാത്ത അവസ്ഥ... എങ്കിലും ദൈവത്തിന് 'ഒന്നും അസാദ്ധ്യമല്ല' എന്ന് നീ വിശ്വസിച്ചു. അമ്മേ, മാതാവേ, ജീവിതയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ പകച്ചുനിൽക്കുമ്പോൾ 'ദൈവത്തിന് എല്ലാം സാദ്ധ്യമാണ്' എന്ന് നിന്നെപ്പോലെ വിശ്വസിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

**നമുക്കു പ്രാർത്ഥിക്കാം**

പ. അമ്മേ മാതാവേ, നിന്റെ വിമലഹൃദയത്തിൽ ഞങ്ങൾ ആശ്രയം വയ്ക്കുന്നു. മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയായി തീർന്നവളേ, ഞങ്ങളുടെ ജീവിതങ്ങളെ നേർവഴിക്കു നയിച്ചുകൊണ്ട് ലോകരക്ഷകനായ നിന്റെ പുത്രനോട് ചേർന്നുനിൽക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആശ്രയത്തിന്റെ അമ്മേ, ഞങ്ങളുടെ സമൂഹങ്ങളിൽ, കുടുംബങ്ങളിൽ രക്ഷകന്റെ സമാധാനവും സന്തോഷവും ഉണ്ടാകുവാൻ സഹായിക്കണമേ. ആമ്മേൻ.






# ക്രിസ്മസ് സമ്മാനം

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

കഴിഞ്ഞ ദിവസം ഡൽഹിയിലെ പ്രഗതി മൈതാനത്തിലെ കരകൗശല മ്യൂസിയം സന്ദർശിച്ച മിഷേൽ ഒബാമ അവിടെനിന്നും ധാരാളം കരകൗശല വസ്തുക്കൾ സ്വന്തമാക്കി. എന്തിനാണിതിനും മാത്രം വാങ്ങിക്കൂട്ടുന്നതെന്ന് ആരോ ചോദിച്ചപ്പോൾ, എന്റെ കുട്ടികൾക്കും വീട്ടുകാർക്കും ക്രിസ്മസ് സമ്മാനങ്ങളായി കൊടുക്കാനാണ് എന്നായിരുന്നു മറുപടി.

ക്രിസ്മസിന്റെ ഒരുക്കത്തിലേക്കു പ്രവേശിക്കുന്ന നാളുകളാണിത്. തികച്ചും മതപരമായ ഒരു ആചരണമാണെങ്കിലും സാമൂഹികമായ ഒരാഘോഷമായാണ് ക്രിസ്മസ് എന്നും വിലയിരുത്തപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ആഘോഷത്തിന്റെ നൂതനമായ ശൈലികൾ ഓരോ വർഷവും ആ തിരുനാളിനോടു കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു. പലതരം കച്ചവടക്കാർക്ക് സീസണായും ബിവറേജസ് കോർപ്പറേഷന് ഉത്സവമായും ഈ കാലഘട്ടം മാറുന്നത് അതുകൊണ്ടാണ്. ക്രിസ്മസിന്റെ സാമൂഹികമായ ആഘോഷത്തിൽ നാനാജാതി മതസ്ഥർ പങ്കെടുക്കുന്നത് തീർച്ചയായും നല്ലതുതന്നെ. എന്നാൽ വിശ്വാസജീവിതത്തിന്റെ പക്ഷത്തുനിന്നു നോക്കുമ്പോൾ ചില കാര്യങ്ങൾ വിചാരണ ചെയ്യപ്പെടേണ്ടതുണ്ട്.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം ക്രിസ്മസ് ഒരു സാമൂഹികമായ ആഘോഷം മാത്രമല്ല, മറിച്ച് തങ്ങളുടെ വിശ്വാസജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരാചരണംകൂടിയാണ്. ആത്മീയവും ഭൗതികവുമായ ഒരുക്കത്തിലൂടെ പിറവിത്തിരുനാളിന്റെ ചൈതന്യം ജീവിതത്തിലേറ്റുവാങ്ങി സഹജീവികളുമായി അതു പങ്കുവയ്ക്കുവാൻ തങ്ങളെത്തന്നെ കടപ്പെടുത്തുന്ന ഒരാചരണം. പക്ഷേ പലപ്പോഴും ആ ദൗത്യം നിർവഹിക്കുവാൻ നമുക്കു കഴിയാതെ പോകുന്നു എന്നതാണ് സത്യം.


മതപരമായ തിരുനാളുകൾ സമൂഹത്തിന്റെ ആഘോഷങ്ങളായി രൂപാന്തരപ്പെടുമ്പോൾ ആ ആഘോഷങ്ങളുടെ ആന്തരിക ചൈതന്യം നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് വിശ്വാസികളാണ്. ഇന്ന് പുൽക്കൂടിന്റെ ആദർശത്തിനു നിരക്കാത്തതും അതിൽ പിറന്നവന്റെ ചൈതന്യത്തിനു യോജിക്കാത്തതുമായ ആഘോഷങ്ങൾ സമൂഹത്തിൽ വർദ്ധിച്ചു വരുന്നുണ്ടെങ്കിൽ ഒരു കാരണം തിരുത്തൽ ശക്തിയായി നിലനിൽക്കേണ്ട വിശ്വാസസമൂഹം ആ ദൗത്യം ശരിയായി നിർവഹിക്കുന്നില്ല എന്നതാണ്.

ആഘോഷത്തിന്റെ ആർഭാടംകൊണ്ട് പുൽക്കൂടിന്റെ ലാളിത്യത്തെ പരിഹസിക്കുന്നവർ നമ്മൾതന്നെ. സ്നേഹത്തിന്റെ മനുഷ്യാവതാരത്തെ വെറുപ്പിന്റെയും പകയുടെയും കുരിശു ചുമപ്പിക്കുന്നത് നമ്മൾതന്നെ. സന്തോഷവും സമാധാനവുമെന്ന പിറവിസന്ദേശത്തെ കുപ്പിയിലാക്കി "ചിയേഴ്സ്" വിളിക്കുന്നതും നമ്മൾതന്നെ. ഈ വിരുദ്ധ സാക്ഷ്യങ്ങൾ തന്നെയാണ് സമൂഹത്തിന്റെ ആഘോഷശൈലിയെ ബാധിച്ചിരിക്കുന്നത്. ക്രിസ്ത്യാനി ധൂർത്തടിക്കാത്ത തിരുനാളുകളും ക്രിസ്ത്യാനി കള്ളുകുടിക്കാത്ത ക്രിസ്മസുകളും ക്രിസ്ത്യാനി ക്രൈസ്തവചൈതന്യം പങ്കുവയ്ക്കുന്ന ആഘോഷങ്ങളുമുണ്ടാകട്ടെ. അപ്പോഴറിയാം നമ്മുടെ വിശ്വാസജീവിതത്തിന്റെ സ്വാധീനശക്തി. അതിനു പക്ഷേ ഒഴുക്കിനെതിരെ നീന്താനുള്ള കരുത്തുവേണം. മറ്റുവാക്കിൽ പറഞ്ഞാൽ പള്ളിയിലേറ്റുപറയുന്ന വിശ്വാസം ജീവിക്കാനുള്ള തന്റേടം വേണം.

അങ്ങനെയൊരു ജീവിതശൈലിയിലേക്കു വളരുവാൻ സഹായകമാണ് മംഗളവാർത്തക്കാലത്തെ ആരാധനക്രമം. പ്രതിസന്ധികളുടെ വാളുകൾ ഹൃദയത്തെ തുളച്ചപ്പോഴും ദൈവസ്തുതികൾ ഉരുവിട്ട പരി. മറിയത്തെ പ്രത്യേകമായി ധ്യാനിച്ചുകൊണ്ട് നോമ്പിന്റെ ചൈതന്യത്തോടെ പ്രാർത്ഥിച്ചൊരുങ്ങുവാൻ ഈ കാലഘട്ടം നമ്മെ സഹായിക്കും. പ്രിയപ്പെട്ടവർക്ക് ഏറ്റവും നല്ല ക്രിസ്മസ് സമ്മാനങ്ങൾ കൈമാറാൻ നാം ഓർക്കുമ്പോൾ അതിനു കാരണമായ പുൽക്കൂട്ടിലെ ദൈവസ്നേഹത്തിനു മുമ്പിൽ ഏറ്റവും ശ്രേഷ്ഠമായ സമ്മാനമായി നമ്മെത്തന്നെ നല്കുവാൻ നമുക്കു മറക്കാതിരിക്കാം. അതാകട്ടെ പൊതുസമൂഹത്തിനുള്ള നമ്മുടെ ക്രിസ്മസ് സന്ദേശം.

# പ്രോസാങ്ടിറ്റി മൂവ്മെന്റ്

"ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം"
(1 തെസ 4,3).



ദൈവദാസൻ
ബിഷപ് വില്യം ജകൂീന്താ

## വിശുദ്ധിയുടെ പ്രവാചകൻ

വിശുദ്ധിയുടെ പ്രേഷിത കുടുംബത്തിന്റെ സ്ഥാപകനും ദൈവദാസനുമായ ബിഷപ് വില്ല്യം ജകീന്താ വിശുദ്ധിയുടെ അഥവാ പരമാവധി സ്നേഹത്തിന്റെ പ്രവാചകനായി ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പുണ്യപുരുഷനായിരുന്നു. പിതാവായ ദൈവത്തിന്റെ പരമാവധി സ്നേഹത്തിലൂടെ മാത്രമേ ഈ ലോകത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാവൂ എന്നും പരമാവധി സ്നേഹമാണ് വിശുദ്ധി എന്നും അദ്ദേഹം മനസ്സിലാക്കി. ഈ വിശുദ്ധിയിലേക്ക് മാനവമക്കൾ മുഴുവൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഉച്ചെസ്തരം തന്റെ വാക്കുകളിലൂടെ, ജീവിതത്തിലൂടെ പ്രഘോഷിച്ചുകൊണ്ട് അദ്ദേഹം സ്നേഹത്തിന്റെ പ്രവാചകശബ്ദമായി മാറി.

മാനവമക്കളുടെ വിശുദ്ധിയായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം.'എല്ലാവരും വിശുദ്ധർ, എല്ലാവരും സഹോദരീസഹോദരന്മാർ' എന്ന് അംഗീകരിക്കപ്പെടുന്ന ഒരു നവലോകം അദ്ദേഹം സ്വപ്നം കണ്ടു. ദൈവത്തിന്റെ വലിയ സ്നേഹത്തിനു പ്രത്യുത്തരം നല്കുവാൻ ആത്മാർത്ഥമായ നമ്മുടെ സ്നേഹത്തിനു മാത്രമേ സാധിക്കൂ... എന്നു മനസ്സിലാക്കിയ പിതാവ് സ്നേഹമാണ് വിശുദ്ധി എന്ന സത്യം ഓരോ നിമിഷവും ജീവിച്ചു പ്രഘോഷിച്ചുകൊണ്ട് വിശുദ്ധിയുടെ പരിമളം പരത്തി.

ഏതു ജീവിതാന്തസ്സിലും പരിതസ്ഥിതിയിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത 1947 മുതലേ അദ്ദേഹം ഉറക്കെ ഉദ്ഘോഷിച്ചു. വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ പ്രവാചകശബ്ദമായിരുന്നു അദ്ദേഹം. 1947-ൽ മുഴങ്ങിയ വിശുദ്ധിയുടെ പ്രവാചകശബ്ദം രണ്ടാം വത്തിക്കാൻ കൗൺസിൽ സഭാതലത്തിലും അലകൾ ഉയർത്തി. തൽഫലമായി 1964 നവംബർ 17-ാം തീയതി പുറത്തുവന്ന കൗൺസിൽ ഡിക്രിയിലെ തിരുസ്സഭ എന്ന പ്രമാണരേഖയുടെ ഒരദ്ധ്യായം മുഴുവൻ വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയെക്കുറിച്ച് പ്രതിപാദിക്കുന്നതായിരുന്നു. ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു വ്യക്തിയായിരുന്നു വില്യം ജകീന്താ പിതാവ്. സഭയെ അതിന്റെ സമഗ്രതയിൽ കാണുകയും സ്നേഹിക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം.



പ്രതീക്ഷയുടെ
പൂമൊട്ടുകൾ
ഞങ്ങളുടെ സ്നേഹം യാചിച്ചുകൊണ്ട്
സ്നേഹത്തിന്റെ ഭിക്ഷാടകനായി
അങ്ങു വീണ്ടും ഞങ്ങളുടെ ഇടയിലേക്കു
തിരിച്ചുവരുന്നതാണല്ലോ
ക്രിസ്തുമസ്സ്.
ഉണ്ണീശോയേ, അങ്ങയെ സ്വീകരിക്കാൻ
ഞങ്ങൾ ആഗ്രഹിക്കുന്നു.
ദരിദ്രമായ കാലിത്തൊഴുത്തിൽനിന്നും
അങ്ങയെ ഏറ്റുവാങ്ങുവാൻ പര്യാപ്തമായ
ചൂടേറിയ വാസസ്ഥലമായി തണുത്തു
മരവിച്ച ഞങ്ങളുടെ ഹൃദയത്തെ അങ്ങു
രൂപാന്തരപ്പെടുത്തണമേ.
ആമ്മേൻ.
For private circulation only
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്